മേയ് 2024 ₹ 10.00

# ചിന്ത

Chintha Pusthakavartha

പുസ്തകവാർത്ത

## റീത്തയുടെ പാഠങ്ങൾ

ബൃന്ദ കാരാട്ട്

## കവിരേഖ

വാക്കുകളിലെ ജീവതാരകം

ദേശമംഗലം രാമകൃഷ്ണൻ

## ഹിന്ദുത്വവാദം ഇസ്ലാമിസം ഇടതുപക്ഷം

എം എം നാരായണൻ

## രാഷ്ട്രീയം, ദർശനം സംസ്കാരപഠനം, ശാസ്ത്രം

മലയാളിയുടെ ബൗദ്ധികമണ്ഡലത്തെ സ്വാധീനിച്ച പുസ്തകങ്ങൾ ചിന്തയിലൂടെ



ദി കാലിക്കറ്റ് കോ–ഓപ്പറേറ്റീവ്

# അർബൻ ബാങ്ക് ലിമിറ്റഡ്

SINCE 1915

No. 1538.

RBI Licence No. UBD.KR.813.P



## RBI യുടെ നിയന്ത്രണത്തിലുള്ള കേരളത്തിലെ മികച്ച അർബൻ ബാങ്ക്

108 വർഷത്തിലേറെ സേവന പാരമ്പര്യം.

- **സ്വർണ്ണ പണയ വായ്പ**
  **ഗ്രാമിന് കൂടുതൽ തുക കുറഞ്ഞ പലിശ***
  പ്രവർത്തി ദിവസങ്ങളിൽ എല്ലാ ശാഖകളിലും ലഭിക്കുന്നു.
- **വസ്തു പണയ വായ്പ**
  എല്ലാവിധ ആവശ്യങ്ങൾക്കും, സുതാര്യമായ വ്യവസ്ഥകൾ.
  ഏറ്റവും വേഗത്തിൽ വായ്പ ലഭ്യമാക്കുന്നു.
  കൃത്യമായ തിരിച്ചടവിന് പലിശ റിബേറ്റ്.
- **ഭവന വായ്പ**
  നിങ്ങളുടെ സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കാൻ
  **50 ലക്ഷം രൂപ വരെ** മിതമായ പലിശ നിരക്കിൽ.
  കുറഞ്ഞ EMI.
- **കാർഷിക വായ്പ**
  കാർഷിക വിള ഉല്പാദനത്തിനും പരിപാലനത്തിനും
  **25 ലക്ഷം രൂപ വരെ** മിതമായ പലിശ നിരക്കിൽ.
- **ബിസിനസ്സ് വായ്പ**
  **വേഗത്തിൽ വായ്പകൾ.** ലളിതമായ പ്രോസസിംഗ്.
  ക്യാഷ് ക്രഡിറ്റ് സൗകര്യം.
- **സോളാർ വായ്പ**
  സോളാർ പാനൽ സ്ഥാപിക്കുന്നതിനായി കുറഞ്ഞ EMI.
  ലളിതമായ വ്യവസ്ഥയിൽ.

ചെറുകിട കച്ചവടക്കാർക്കും,
കുടുംബശ്രീകൾക്കും,
സ്വയംതൊഴിൽ സംരംഭകർക്കും
**നൂതന വായ്പാ പദ്ധതികൾ**

**എല്ലാ നൂതന ബാങ്കിങ്ങ് സൗകര്യങ്ങളും**
**ATM, POS, RTGS, NEFT, MOBILE BANKING, SAFE DEPOSIT LOCKER FACILITIES**

Conditions apply*

EMVEE

**ടി.പി. ദാസൻ** (Chairman)

**പി. രാഗേഷ്** (CEO)

# ചിന്ത പുസ്തകവാർത്ത

പുസ്തകം 27 • ലക്കം 5 • മേയ് 2024


ചിന്തയ്ക്കൊപ്പം
ചിന്തിക്കൂ

## ഉള്ളടക്കം


06 കനിവോടെ കൊല്ലുക
**അരുന്ധതി റോയി**

09 മനുഷ്യനും ബഹിരാകാശവും
**ഡോ. അരുൺ ഡി ഐ,**
**ഡോ. പി ശശികുമാർ**

11 കവിരേഖ വാക്കുകളിലെ
ജീവതാരകം
**ദേശമംഗലം രാമകൃഷ്ണൻ**

13 മോദി ഭരണത്തിലെ
അഴിമതികൾ

15 ജേക്കബിന്റെ മുറി
**വിർജീനിയ വൂൾഫ്**

17 മതരാഷ്ട്രവാദത്തിന്റെ ശിലകൾ
ഹിന്ദുത്വമുദ്രാവാക്യങ്ങളുടെ
ഉൾപ്പൊരുൾ
**സതീശ് സൂര്യൻ**

19 ഹിന്ദുത്വവാദം ഇസ്ലാമിസം
ഇടതുപക്ഷം
**എം എം നാരായണൻ**

25 ഇ എം എസ് അടയാളങ്ങൾ
**ചരിത്രകാരൻ**



Design & Layout
Sivaprasad B

Cover Image
Brinda Karat




ബൃന്ദ കാരാട്ട്

“സഞ്ജയ് ഗാന്ധിയുടെ അക്രമാസക്തമായ സൗന്ദര്യവൽക്കരണ പരിപാടിക്ക് അടിവരയിടുന്നത് ഒരു ക്രൂരമായ യാഥാർത്ഥ്യമാണ് - ഭൂമിയുടെ വില - ഭൂമികച്ചവടം - അത് പാവപ്പെട്ട തൊഴിലാളികളുടെ ജീവിതത്തിന്റെ മൂല്യത്തേക്കാൾ എത്രയോ കൂടുതലാണ്. സാമ്പത്തിക പരിഷ്കരണത്തിന് പതിറ്റാണ്ടുകൾക്ക് മുമ്പായിരുന്നു ഇത്. ആക്രമണാത്മക നവ ഉദാരവത്കരണ നയങ്ങളുടെ ഇത്തരം പ്രവർത്തനങ്ങളെ സാധാരണമായി കണക്കാക്കാൻ സഹായിക്കുന്ന തെറ്റിദ്ധാരണാജനകമായ പദമാണല്ലോ സാമ്പത്തിക പരിഷ്കരണം.”



ഇ എം എസ്

“ജാതി- മതാദി പരിഗണനകൾക്കതീതമായി ഭാഷ, അതിനെ കേന്ദ്രീകരിച്ച സംസ്കാരം എന്നിവയെ പ്രധാനമായും ആശ്രയിച്ചുള്ള ദേശീയ ജനവിഭാഗങ്ങൾ ഇന്ത്യയിലുണ്ടെന്നും അവ രാജ്യത്തിന്റെ അവിഭാജ്യ ഘടകമാണെന്നും അവയ്ക്കോരോന്നിനും ദേശീയ സവിശേഷതകളുണ്ടെന്നും അവയെല്ലാം പരിഗണിച്ചും സ്വച്ഛന്ദം വികസിക്കാൻവേണ്ട അവസരമൊരുക്കിയുമാണ് ഇന്ത്യയുടെ ഐക്യം നിലനിർത്തേണ്ടത് എന്നതായിരുന്നു കമ്യൂണിസ്റ്റ് പാർട്ടി നിലപാട്.”



ദേശമംഗലം രാമകൃഷ്ണൻ

“രാജ്യങ്ങളുടെ അപചയത്തിലും പതനത്തിലും യാതൊരു ദുരൂഹതയുമില്ല. ഭരണവർഗ്ഗത്തിന്റെയും എഴുത്തുകാരുടെയും ജീർണ്ണതയിൽനിന്നാണ് അതു സംഭവിക്കുന്നത്. സാഹിത്യകാരന്റെ സ്വപ്നങ്ങളെ, വെളിപാടുകളെ, തിരിച്ചറിവുകളെ രാഷ്ട്രം മാനിക്കാതെയാകുമ്പോൾ ജീർണ്ണത സ്വാഭാവികം മാത്രം.”



എം എം നാരായണൻ

“മഹാത്മാഗാന്ധി സ്വാതന്ത്ര്യസമരത്തിന്റെ സാരഥ്യമേറ്റെടുത്തതോടെ ദേശീയതയ്ക്ക് ജനപിന്തുണ വർദ്ധിച്ചുവന്ന പശ്ചാത്തലത്തിലാണ്, സംഘപരിവാർ ഫാഷിസം, സംസ്കാരിക ദേശീയത എന്ന പ്രത്യയശാസ്ത്രപരികൽപ്പന മുന്നോട്ടുവെക്കുന്നത്.”

പുസ്തകപ്രസാധനത്തിൽ
അനുകരിക്കാനാകാത്ത
അടയാളങ്ങൾ


## ചിന്ത പബ്ലിഷേഴ്സ്

എ കെ ജി സെന്ററിനു സമീപം, വിവേകാനന്ദ നഗർ,
കുന്നുകുഴി റോഡ്, വഞ്ചിയൂർ പി ഒ, തിരുവനന്തപുരം
പിൻ 695 035 (p) 0471 2303026
(e) chinthapublishers@gmail.com
(w) www.chinthapublishers.com


ചിന്തയുടെ പുസ്തകങ്ങളെക്കുറിച്ചറിയാൻ

Search Tag #chinthapublishers

## എഡിറ്റോറിയൽ

# മിസ്റ്റർ മോദി, മറക്കരുത് സെക്കുലർ ഇന്ത്യയുടെ പ്രധാനമന്ത്രിയാണ് താങ്കൾ


**ഇ**രുപത്തിനാലാം ലോക്സഭാ തിരഞ്ഞെടുപ്പ് രണ്ടാം പകുതിയിലേക്ക് കടന്നപ്പോൾ പ്രചാരണ തന്ത്രങ്ങളിൽ പാടേ മാറ്റം വരുത്തിയിരിക്കുകയാണ് സംഘപരിവാറും ബി ജെ പിയും. യാതൊരു മറയുമില്ലാതെ, ഒരു വിധത്തിലുള്ള വളച്ചുകെട്ടുമില്ലാതെ വർഗ്ഗീയതയുടെ വിഷം രാജ്യമാകെ വ്യാപിപ്പിക്കുകയാണ് ഇക്കൂട്ടർ. ഇതിനു നേതൃത്വം കൊടുക്കുന്നതാകട്ടെ പ്രധാനമന്ത്രി നരേന്ദ്രമോദി നേരിട്ടും. 'നുഴഞ്ഞു കയറ്റക്കാർ,' 'കൂടുതൽ കുട്ടികളുള്ളവർ,' 'താഴ്ന്ന ജാതിക്കാരായ ഹിന്ദുക്കളുടെ സംവരണാനുകൂല്യങ്ങൾ തട്ടിയെടുക്കുന്നവർ' എന്നൊക്കെയാണ് മുസ്ലീങ്ങളെക്കുറിച്ച് പ്രത്യക്ഷമായും പരോക്ഷമായുമുള്ള അധിക്ഷേപങ്ങൾ. ഹിന്ദുക്കളുടെ ആനുകൂല്യങ്ങൾ ഇവർ തട്ടിയെടുക്കുന്നത് അവസാനിപ്പിക്കണമെങ്കിൽ ബി ജെ പിയെത്തന്നെ അധികാരത്തിലെത്തിക്കണമെന്നാണ് മോദി പൊതുവേദികളിലടക്കം പ്രസംഗിക്കുന്നത്.

സംഘപരിവാറിന്റെ രാഷ്ട്രീയം മറയില്ലാത്തതാണ്. അത് രാജ്യത്തെ ന്യൂനപക്ഷങ്ങൾക്കെതിരാണ്. ഇന്ത്യയുടെ മഹത്തായ ബഹുസ്വര ചരിത്രത്തെ തിരുത്തിയെഴുതാൻ വ്യഗ്രത കൊള്ളുന്ന ഒന്നാണ്. അവരുടെ പ്രാമാണിക ഗ്രന്ഥങ്ങളിൽ പച്ചയ്ക്ക് ഇത് എഴുതിപിടിപ്പിച്ചിട്ടുള്ളതാണ്. സംഘപരിവാറിന്റെ സൈദ്ധാന്തികാചാര്യന്മാർ എല്ലാവരും ആദ്യകാലം മുതൽക്കേ ഭംഗിയായി വ്യക്തമാക്കിയിട്ടുള്ളതാണിത്.

പക്ഷേ, നരേന്ദ്രമോദി എന്ന വ്യക്തി ഇന്ന് കേവലമൊരു ആർ എസ് എസുകാരൻ മാത്രമല്ല. വർത്തമാനകാല ഇന്ത്യയുടെ പ്രധാനമന്ത്രിയാണ്. മതേതരത്വം അടിസ്ഥാനശിലയാക്കിയ ഇന്ത്യൻ ഭരണഘടന അനുശാസിക്കുന്നതിനപ്പുറമൊന്നും തന്നെ ചെയ്യാനോ, പരസ്യമായി പറയാനോ പ്രധാനമന്ത്രിയുടെ കസേരയിലിരിക്കുന്ന ഒരാൾക്ക് അധികാരമില്ല. പക്ഷേ, ഇതൊന്നും തനിക്കു ബാധകമല്ല എന്ന മട്ടിലാണ് പൊതുവേദികളിലെ മോദിയുടെ വർഗ്ഗീയ വിഷം ചീറ്റൽ. എങ്ങനെയും തിരഞ്ഞെടുപ്പിൽ അധികാരത്തിലെത്താനായി ഏതറ്റംവരെയും പോകാൻ മടിക്കാത്തവരാണ് തങ്ങളെന്ന് ഇതിലൂടെ മോദിയും കൂട്ടരും വീണ്ടും വീണ്ടും തെളിയിക്കുകയാണ്. സൈനികരെ കൂട്ടക്കൊലയ്ക്ക് എറിഞ്ഞുകൊടുത്തിട്ടാണെങ്കിലും, വർഗ്ഗീയ കലാപങ്ങൾ ബോധപൂർവം സൃഷ്ടിച്ചിട്ടാണെങ്കിലും വോട്ടു ബാങ്കുകൾ സൃഷ്ടിക്കാൻ തങ്ങൾക്ക് മടിയില്ല എന്ന് അവർ മുൻപും തെളിയിച്ചിട്ടുള്ളതാണ്. അതേരീതിയിൽത്തന്നെ ഡിസൈൻ ചെയ്യപ്പെട്ടിട്ടുള്ളതാണ് ഈ ലോക്സഭാ തിരഞ്ഞെടുപ്പുവേളയിൽ നടത്തുന്ന മുസ്ലിം വിരുദ്ധ പരാമർശങ്ങൾ. ഇതിനെ തിരിച്ചറിയാനും പ്രതിരോധിക്കാനും നാം തയ്യാറായില്ലായെങ്കിൽ ഇന്ത്യയെന്ന ആശയം തന്നെ ഭാവിയിൽ ഇല്ലാതാകും. □

“വിപ്ലവകരമായ
സഹവർത്തിത്വത്തിന്റെയും
സാഹോദര്യത്തിന്റെയും
പശ്ചാത്തലത്തിൽ
വളർത്തിയെടുത്ത
പോരാട്ടത്തിന്റെ കഥ.”

**ബൃന്ദ കാരാട്ട്**






# റീത്തയുടെ പാഠങ്ങൾ

## ഓർമ്മക്കുറിപ്പുകൾ

1975-1985

₹300



# കനിവോടെ കൊല്ലുക

## അരുന്ധതി റോയി


നാടു നീങ്ങിയ ഇന്ത്യയുടെ സ്വതന്ത്ര പത്രപ്രവർത്തന പാരമ്പര്യത്തെക്കുറിച്ച് സംസാരിക്കാനല്ല ഞാനുദ്ദേശിക്കുന്നത്. അത് നിങ്ങൾക്കെല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ജനാധിപത്യഭരണക്രമത്തിൽ നീതിനിഷ്ഠതയോടെയും സ്വതന്ത്രമായും പ്രവർത്തിക്കേണ്ട ഭരണഘടനാ സ്ഥാപനങ്ങൾക്ക് വന്നുഭവിച്ച അപചയത്തെക്കുറിച്ചും ഞാൻ സംസാരിക്കുന്നില്ല. അവയെക്കുറിച്ചെല്ലാം കഴിഞ്ഞ ഇരുപത് വർഷക്കാലമായി ഞാൻ നിരന്തരം ശബ്ദിച്ചു കൊണ്ടിരിക്കുകയാണ്. അക്കാര്യത്തിലുള്ള എന്റെ കാഴ്ചപ്പാടും നിങ്ങൾക്ക് പരിചിതമാണ്.

വടക്കേയിന്ത്യയിൽ നിന്ന് കേരളത്തിലേക്കോ, അല്ലെങ്കിൽ മറ്റേതെങ്കിലും തെന്നിന്ത്യൻ സംസ്ഥാനങ്ങളിലേക്കോ വരുന്ന വേളയിൽ, എനിക്ക് ധൈര്യവും ഉൽക്കണ്ഠയും ഒരേസമയം മാറിമാറി അനുഭവപ്പെടാറുണ്ട്. വടക്ക് ജീവിക്കുന്ന ഞങ്ങളിൽ പലരും ദൈനംദിനം അനുഭവിക്കുന്ന ഉൽക്കടഭീതിയിൽനിന്നും അകലെയായല്ലോ എന്ന ആശ്വാസമാണെനിക്ക്. എന്നാൽ നാം വിചാരിക്കുന്നതുപോലെ ഇവിടെനിന്നും അത്ര വളരെയകലെയല്ല. നിലവിലെ ഭരണകൂടം അടുത്ത തെരഞ്ഞെടുപ്പിൽ അധികാരത്തിൽ മടങ്ങിവരുന്ന പക്ഷം, 2026 ൽ നടക്കാൻ പോകുന്ന പാർലമെന്റ് മണ്ഡല പുനർനിർണ്ണയം വഴി നാം പാർലമെന്റിലേക്ക് അയയ്ക്കുന്ന അംഗങ്ങളുടെ എണ്ണം വെട്ടിക്കുറച്ച് തെക്കേയിന്ത്യയുടെ അധികാരത്തെ ദുർബ്ബലപ്പെടുത്താനാണ് പദ്ധതിയിട്ടിരിക്കുന്നത്. മണ്ഡലപുനർനിർണ്ണയം മാത്രമല്ല നാം നേരിടുന്ന ഭീഷണി. വൈജാത്യ സമ്മിശ്ര ഭൂമിയായ നമ്മുടെ നാടിന്റെ ജീവരക്തമായ ഫെഡറലിസത്തെ വില്പനച്ചരക്കാക്കി മാറ്റിയിരിക്കുന്നു. കേന്ദ്രസർക്കാർ, സ്വന്തം നിലയിൽ അമിതാധികാരം കൈയാളുന്നതുമൂലം, പ്രതിപക്ഷപാർട്ടികൾ ഭരിക്കുന്ന സംസ്ഥാനങ്ങളിലെ ജനങ്ങൾ അഭിമാനത്തോടെ തെരഞ്ഞെടുത്ത മുഖ്യമന്ത്രിമാർ പൊതുഫണ്ടിനായി കേന്ദ്ര സർക്കാരിനു മുന്നിൽ അക്ഷരാർത്ഥത്തിൽ യാചിച്ചു നില്ക്കുന്ന ദയനീയ കാഴ്ചയാണ് നാമിപ്പോൾ സാക്ഷ്യം വഹിക്കുന്നത്. ഫെഡറലിസത്തിനേറ്റ ഏറ്റവും അവസാനത്തെ അടിയാണ്, ജമ്മുകാശ്മീരിന് അർദ്ധ സ്വയംഭരണപദവി അനുവദിച്ചിരുന്ന ഭരണഘടനയിലെ 370-ാം വകുപ്പ് റദ്ദാക്കിയ കേന്ദ്രസർക്കാർ നടപടിയെ സുപ്രീംകോടതി ശരിവച്ചത്. ജമ്മുകാശ്മീർ മാത്രമല്ല; പ്രത്യേക പദവിയുടെ ആനുകൂല്യം അനുഭവിക്കുന്ന സംസ്ഥാനം. പ്രസ്തുത വിധി കാശ്മീരിനെ മാത്രം ബാധിക്കുന്ന ഒന്നാണെന്ന വിചാരം ഗുരുതരമായ തെറ്റാണ്. നമ്മുടെ രാഷ്ട്ര സംവിധാനത്തിന്റെ മൗലികഘടനയുടെ ആണിക്കല്ല്

# കനിവോടെ കൊല്ലുക
# സാമ്രാജ്യത്തെക്കുറിച്ച് എങ്ങനെയൊക്കെ ചിന്തിക്കാം

## അരുന്ധതി റോയി

നമ്മുടെ രാഷ്ട്രത്തിന് അതിന്റെ ധാർമ്മിക ദിശാബോധം നഷ്ടപ്പെട്ടിരിക്കുന്നു. രാഷ്ട്രീയപ്രതിഫലേച്ഛയ്ക്കായി ഏറ്റവും ഹീനമായ കുറ്റകൃത്യങ്ങളും വംശീയ ഹത്യകളും, വംശീയശുദ്ധീകരണവും നടത്താനുള്ള ആഹ്വാനങ്ങളെ കൈയടിച്ചും ആർപ്പുവിളിച്ചും പ്രോത്സാഹിപ്പിക്കുന്നു. അതേസമയം സമ്പത്തിന്റെ കേന്ദ്രീകരണം ഏതാനും പേരിലേക്ക് ചുരുങ്ങിച്ചുരുങ്ങി വരുന്നു.




ഇളക്കാൻ പോകുന്ന ഒന്നാണത്.

എന്നാൽ വളരെ അടിയന്തര പ്രാധാന്യമുള്ള ഒരു വിഷയത്തെക്കുറിച്ചാണ് ഞാനിന്ന് സംസാരിക്കാൻ ഉദ്ദേശിക്കുന്നത്. നമ്മുടെ രാഷ്ട്രത്തിന് അതിന്റെ ധാർമ്മിക ദിശാബോധം നഷ്ടപ്പെട്ടിരിക്കുന്നു. രാഷ്ട്രീയപ്രതിഫലേച്ഛയ്ക്കായി ഏറ്റവും ഹീനമായ കുറ്റകൃത്യങ്ങളും വംശീയ ഹത്യകളും വംശീയശുദ്ധീകരണവും നടത്താനുള്ള ആഹ്വാനങ്ങളെ കൈയടിച്ചും ആർപ്പുവിളിച്ചും പ്രോത്സാഹിപ്പിക്കുന്നു. അതേസമയം സമ്പത്തിന്റെ കേന്ദ്രീകരണം ഏതാനും പേരിലേക്ക് ചുരുങ്ങിച്ചുരുങ്ങി വരുന്നു; അധികാര സ്വരൂപണത്തിനായി പാവങ്ങൾക്ക് അപ്പക്കഷണങ്ങൾ എറിഞ്ഞുകൊടുക്കുന്നു; അത് അവരെ കൂടുതൽ ദരിദ്രരാക്കി മാറ്റുന്നു.

ഇന്ന് ലോകത്തെമ്പാടുമായി, അധികാരത്തിൽ നിന്ന് സ്വയം നിഷ്കാസിതരാകാനായി ജനങ്ങൾ തങ്ങൾക്കെതിരെ തന്നെ വോട്ടു ചെയ്യുന്ന കാഴ്ച അമ്പരപ്പിക്കുന്ന ഒരു സമസ്യയായി നമുക്കു മുന്നിൽ നിലനില്ക്കുന്നു. അവരിങ്ങനെ ചെയ്യുന്നത് അവർക്ക് ലഭിക്കുന്ന വിവരത്തിന്റെ അടിസ്ഥാനത്തിലാണ്. എന്താണാ വിവരം? ആരാണത് നിയന്ത്രിക്കുന്നത്? അത് ആധുനിക ലോകത്തിന്റെ വിഷലിപ്തമായ പാനപാത്രമാണ്. ആരാണോ സാങ്കേതികവിദ്യയെ നിയന്ത്രിക്കുന്നത്; അവർ ലോകത്തെ നിയന്ത്രിക്കും. എന്നാൽ ആത്യന്തികമായി ഞാൻ വിശ്വസിക്കുന്നത്, നിതാന്തകാലം ജനങ്ങളെ വരുതിയിൽ തളച്ചിടാനാവില്ലെന്നാണ്. എതിർപ്പിന്റെ വിപ്ലവകാഹളമുയർത്തി ഒരു പുത്തൻ തലമുറ ഉദയം ചെയ്യുമെന്ന് ഞാൻ വിശ്വസിക്കുന്നു. വിപ്ലവം ഉണ്ടാകും. ക്ഷമിക്കണം. ഞാനാ പദപ്രയോഗത്തെ ഒന്ന് പരിഷ്കരിക്കുകയാണ്- വിപ്ലവങ്ങളുടെ വേലിയേറ്റം തന്നെ ഉണ്ടാകും.

ഒരു രാഷ്ട്രം എന്ന നിലയിൽ നമ്മുടെ ധാർമ്മിക ദിശാബോധം നഷ്ടപ്പെട്ടുവെന്ന് ഞാൻ നേരത്തേ പറഞ്ഞല്ലോ. ലോകത്തിന്റെ നാനാഭാഗങ്ങളിലെ ദശലക്ഷക്കണക്കായ മനുഷ്യർ-ജൂതർ, മുസ്ലീങ്ങൾ, ക്രിസ്ത്യാനികൾ, ഹിന്ദുക്കൾ, കമ്യൂണിസ്റ്റുകൾ, നിരീശ്വരർ, അജ്ഞേയവാദികൾ, ഗാസയിൽ വെടിനിർത്തൽ ആവശ്യപ്പെട്ട് പ്രകടനങ്ങൾ നടത്തുന്നു. എന്നാൽ, ഒരുകാലത്ത് കോളനിവൽക്കരണത്തിന് വിധേയരായവരുടേയും പലസ്തീൻ ജനതയുടെയും ആത്മാർത്ഥ സുഹൃത്തായിരുന്ന നമ്മുടെ രാജ്യത്തിന്റെ തെരുവുകൾ ദശലക്ഷങ്ങൾ പങ്കെടുത്ത പ്രകടനങ്ങളാൽ മുഖരിതമായിരുന്നെങ്കിൽ, ഇന്ന് ആ തെരുവുകളെല്ലാം നിശ്ശബ്ദമാണ്. ഏതാനും, ചിലരൊഴികെ, നമ്മുടെ രാജ്യത്തെ എഴുത്തുകാരും പ്രഖ്യാതരായ ബുദ്ധിജീവികളും നിതാന്ത നിശ്ശബ്ദതയിലാണ്. എത്ര ലജ്ജാകരം! എത്ര പാപ്പരത്വപൂർണ്ണമാണ് അവരുടെ ദീർഘവീക്ഷണമില്ലായ്മ! വളരെ അടുക്കും ചിട്ടയോടെയും നമ്മുടെ ജനാധിപത്യ സംവിധാനത്തിന്റെ പൊളിച്ചടുക്കൽ നിങ്ങൾ കാണുന്നുണ്ടല്ലോ. നമ്മുടെ നാടിന്റെ അവിശ്വസനീയമാംവണ്ണമുള്ള വൈവിദ്ധ്യത്തെ വ്യാജവും സങ്കുചിതവും ഏകമുഖാത്മകവുമായ ദേശീയതയുടെ മൂലയ്ക്കൊതുക്കാനുള്ള ശ്രമങ്ങളും നാം കാണുന്നു. ചുരുങ്ങിയ പക്ഷം, ബുദ്ധിജീവികൾ എന്ന് സ്വയം മേനി നടിക്കുന്ന നിങ്ങൾ തിരിച്ചറിയുക, ഒരു നാൾ ഈ രാജ്യം പൊട്ടിത്തെറിക്കും. □




"ഈ ഗ്രാമങ്ങളെല്ലാം പുരാതനമെന്ന് ചിത്രലേഖ അറിയുന്നു. പഴയ നായാട്ടുകാലത്തുനിന്നു സ്വയം പറിച്ചെടുത്തു നദീതടത്തിലെ കറുത്ത പശിമ മാറാത്ത മണ്ണിൽ, നീരൊഴുക്കിന്റെ ചാരെ കുറ്റിതറച്ചവർ. അവരവിടെ കുടിലുണ്ടാക്കി. ഒരാൾക്കു പുറകെ അനേകരുടെ കൂരകൾ. ഒരു ഗ്രാമം ജനിക്കുന്നു, നഗരപരിഷ്കൃതിയുടെ പുതുവിസർജ്ജനം പോലെ, ഏവർക്കും ശല്യമായ, എന്നാൽ ഏവർക്കും വേണ്ടപ്പെട്ട, ദാസന്മാരായി മാറുന്നു. അവരെ തുരത്തി സമതലം 'ശുദ്ധ'മാക്കാനാർക്കും കഴിയില്ല. അകലങ്ങളിൽനിന്നു കൂട്ടത്തോടെയും അല്ലാതെയും ഓടിയണയുന്നവരെ തടുക്കാനാവില്ല. അവരുടെ കൂട്ടത്തിൽ കുഞ്ഞുകുട്ടികളും ഗർഭിണികളും വൃദ്ധരും ഉണ്ടായിരുന്നു."

# ചിത്രലേഖ

## പി വത്സലയുടെ അവസാനത്തെ നോവൽ

വില ₹170



ശാസ്ത്രം

# മനുഷ്യനും ബഹിരാകാശവും

**ഡോ. അരുൺ ഡി ഐ, ഡോ. പി ശശികുമാർ**

"ഓരോ പ്രവർത്തനത്തിനും തുല്യവും വിപരീതവും ആയ ഒരു പ്രതിപ്രവർത്തനം ഉണ്ടായിരിക്കും"

സ്കൂൾ പഠനകാലത്ത്, ഭൗതിക ശാസ്ത്രത്തിലെ ഏറ്റവും പ്രിയപ്പെട്ട നിയമങ്ങളിൽ ഒന്നാണിത്.

സർ ഐസക് ന്യൂട്ടന്റെ (1643-1727) മൂന്നാം ചലന നിയമമാണിത്. ഇതാണ് റോക്കറ്റിന്റെ ചലനത്തിന്റെ അടിസ്ഥാന തത്വം.

റോക്കറ്റുമായി ബന്ധപ്പെട്ട് സ്ഥിരം കേൾക്കാറുള്ള പ്രയോഗമാണ് 'റോക്കറ്റ് ശാസ്ത്രം' ഏറ്റവും സങ്കീർണ്ണമായ വിഷയമാണ് എന്നത്. ശാസ്ത്രത്തിന്റെ ശക്തിയും ലാളിത്യവും സൗന്ദര്യവും അങ്ങനെയാണ്, ലളിതമായ തത്വങ്ങളാൽ വലിയ കാര്യങ്ങൾ മനസ്സിലാക്കാൻ കഴിയും.

ഒരു ബലൂണിന്റെ ഉദാഹരണം ഉപയോഗിച്ച് ഇത് വിശദീകരിക്കാം. വായു നിറച്ച ഒരു ബലൂൺ നമുക്ക് സങ്കൽപ്പിക്കാം. അതിന്റെ വായ താഴേക്ക് പിടിച്ച്, പെട്ടെന്ന് തുറന്നാൽ, അതിൽ നിറച്ചിരിക്കുന്ന വാതകം ശക്തിയായി പുറത്തേക്ക് പോകുകയും എതിർദിശയിലേക്ക് ബലൂൺ പറക്കുകയും ചെയ്യുന്നു. പുറത്തേക്ക് വരുന്ന വായുവിന്റെ ശക്തികാരണം ഉണ്ടാകുന്ന പ്രതിപ്രവർത്തനമാണ് ഇതിന് കാരണം. ഇതേ രീതിയിലാണ് റോക്കറ്റിന്റെ പ്രവർത്തനം. ഉയർന്ന മർദ്ദമുള്ള വാതകം റോക്കറ്റിൽ നിന്ന് വേഗതയിൽ പുറന്തള്ളുകയും അത് സൃഷ്ടിക്കുന്ന പ്രതിപ്രവർത്തന ശക്തി റോക്കറ്റിനെ വിപരീത ദിശയിലേക്ക് ഉയരാൻ സഹായിക്കുകയും ചെയ്യുന്നു. സംവേഗശക്തി തത്വത്തിന്റെ സഹായത്തോടെ ഇതിനെപ്പറ്റി സംസാരിക്കുന്നതാവും കൂടുതൽ ശരി. ഇന്ധനത്തിന്റെ ജ്വലനം കാരണമുണ്ടാകുന്ന ചൂടുവാതകങ്ങൾ പുറംതള്ളുമ്പോൾ, അവയുടെ പിണ്ഡവും, പ്രവേഗവും കാരണമുണ്ടാകുന്ന ആക്കം, മേൽപ്പറഞ്ഞ സംവേഗശക്തി തത്വപ്രകാരം സംരക്ഷിക്കുന്നതിനായി തുല്യ പിണ്ഡവും പ്രവേഗവും എതിർദിശയിലേക്കുണ്ടാകുന്നു. ഇത് റോക്കറ്റിനെ ഭൂമിയുടെ ഗുരുത്വാകർഷണത്തിന് എതിർ ദിശയിൽ ഉയർത്താൻ സഹായിക്കുന്നു.

പുറംതള്ളുന്ന വാതകങ്ങൾ ഉൽപ്പാദിപ്പിക്കുന്ന പ്രതിപ്രവർത്തന ശക്തി റോക്കറ്റ് എഞ്ചിനിൽ ഉപയോഗിക്കുന്ന ഇന്ധനത്തെ ആശ്രയിച്ചിരിക്കുന്നു. വ്യത്യസ്ത ഇന്ധനങ്ങൾക്ക് വ്യത്യസ്ത ഊർജ്ജ ഉൽപ്പാദന ശേഷിയും അവ കത്തിക്കുമ്പോൾ വ്യത്യസ്ത തലത്തിലുള്ള പ്രതിപ്രവർത്തന ശക്തിയും ഉണ്ടാക്കുന്നു. ഉദാഹരണത്തിന്, വിറകും എൽ പി ജി ഗ്യാസ് സ്റ്റൗവും ഉപയോഗിച്ച് ഒരു കലം വെള്ളം തിളപ്പിക്കുന്നത് സങ്കല്പിച്ചാൽ, ഒരേ അളവിലുള്ള വെള്ളം തിളപ്പിക്കാൻ, എൽ പി ജി വാതകത്തേക്കാൾ പതിന്മടങ്ങ് വിറക് ആവശ്യമാണ് എന്ന് മനസ്സിലാക്കാം. റോക്കറ്റ് സയൻസ് ഒരു സങ്കീർണ്ണ ശാസ്ത്രമായി കാണപ്പെടുന്നതിന്റെ കാരണം ഇതാണ്. തത്വം വളരെ ലളിതമാണെങ്കിലും, ഉപയോഗത്തിന് ആവശ്യമായ ഊർജ്ജമുള്ള ഇന്ധനങ്ങൾ വികസിപ്പിക്കുന്നത് സങ്കീർണ്ണമാണ്.

ചൈനക്കാരാണ് റോക്കറ്റുകൾ ആദ്യമായി നിർമ്മിച്ചത്. ഒൻപതാം നൂറ്റാണ്ടിൽ കണ്ടുപിടിക്കപ്പെട്ട വെടിമരുന്നായിരുന്നു ആദ്യകാലത്തെ റോക്കറ്റുകളുടെ ഇന്ധനം. യുദ്ധങ്ങളിൽ ആയുധമായാണ് അക്കാലത്ത് ഇവയുടെ പ്രയോഗം. പതിമൂന്നാം നൂറ്റാണ്ടിൽ ചൈനക്കാരും മംഗോളിയക്കാരും തമ്മിലുള്ള യുദ്ധത്തിൽ ആദ്യമായി റോക്കറ്റുകൾ ഉപയോഗിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. പാറപൊട്ടിക്കൽ, ഖനികൾ കുഴിക്കൽ തുടങ്ങിയ മറ്റ് പല ആവശ്യങ്ങൾക്കും വെടിമരുന്ന് സ്ഫോടകവസ്തുവായി ഉപയോഗിച്ചുപോന്നിരുന്നു. □





## മനുഷ്യനും ബഹിരാകാശവും





"ബഹിരാകാശ സംബന്ധിയായ വിഷയങ്ങൾ വളരെ ലളിതമായി പ്രതിപാദിക്കുന്ന ഗ്രന്ഥമാണ് മനുഷ്യനും ബഹിരാകാശവും. ബഹിരാകാശ മേഖലയിൽ സജീവമായി പ്രവർത്തിച്ചുവരുന്ന ഡോ. ഡി ഐ അരുൺ, ഡോ. പി ശശികുമാർ എന്നീ യുവ സുഹൃത്തുക്കളാണ് ഗ്രന്ഥകർത്താക്കൾ. ഈ വിഷയം ആധികാരികമായി കൈകാര്യം ചെയ്യാൻ ആവശ്യമായ അറിവും, ഭാഷാസ്വാധീനവുംകൊണ്ട് അനുഗ്രഹീതരായ ഈ യുവാക്കളുടെ ഈ ഗ്രന്ഥം മലയാള ശാസ്ത്രസാഹിത്യ മേഖലയ്ക്ക് മുതൽക്കൂട്ടായിരിക്കും എന്നെനിക്കുറപ്പാണ്."

**പി രാധാകൃഷ്ണൻ**

**വില ₹350**

# ഏറ്റവും പുതിയ നോവലുകൾ




## മന്നനാർ

**ബാലകൃഷ്ണൻ ഏരുവേശ്ശി,**
**ഷിനോജ് കെ ആചാരി**






ഏരുവേശ്ശി കേന്ദ്രമാക്കി നാടുവാണിരുന്ന തിയ്യരാജവംശത്തിന്റെ ഏടുകളിലേക്ക സഞ്ചരിക്കുന്ന നോവൽ. ചരിത്രത്തിന്റെ താളുകളിൽ ആലേഖനം ചെയ്യപ്പെടാതെ പോയ അത്യപൂർവ്വമായൊരു ചരിത്രത്തെ വീണ്ടെടുക്കാനുള്ള ഉദ്യമം.

**വില ₹380**

---

## മരുഭൂമികളുടെ ആത്മഭാഷണം

**സുരേലാൽ പി**







ബലൂചിസ്ഥാൻ വിമോചനപോരാട്ടങ്ങളിൽനിന്നും അടർത്തിയെടുത്ത സംഭവങ്ങളെ സമകാല മണലാരണ്യജീവിതവുമായി ഇഴ ചേർത്ത് നെയ്തെടുത്ത അപൂർവ്വ സുന്ദരമായ നോവൽ.

**വില ₹220**

---




## കവനയുദ്ധം

**പ്രദീപ് പേരശ്ശന്നൂർ**

ശശാങ്കപുരം എന്ന സാങ്കല്പിക രാജ്യം. ആ രാജ്യത്തെ ചോദ്യം ചെയ്യാനാവാത്ത നിയമസംഹിത - കമ്പപ്പോൽ. കമ്പപ്പോലിനോളം പൈതൃകവും വൈശിഷ്ട്യവും പേറുന്ന മറ്റൊന്നില്ല. സമകാലജീവിതത്തിന്റെ സംഘർഷ സ്ഥലികളോട് അന്യാപദേശ രൂപേണ പ്രതികരിക്കുന്ന നോവൽ.



**വില ₹270**

# കവിരേഖ വാക്കുകളിലെ ജീവതാരകം

## ദേശമംഗലം രാമകൃഷ്ണൻ

നമ്മെ വലയം ചെയ്തുകൊണ്ടിരിക്കുന്ന ഏതോ ഒരു ഭീകരത. അതിൽ പിടഞ്ഞുകൊണ്ടിരിക്കുന്ന ഒരു കിളി ഇപ്പോഴും പാടുകയാണ്--ഒന്നും, കാണുംപോലെയല്ല. ഇനിയും പുതിയ സ്വപ്നങ്ങൾ കാണാൻ നമുക്കു കഴിയില്ലേ?


ആഫ്രിക്കൻ കവിയും കഥാകാരനുമായ ബെൻ ഓക്രി പറയുന്നതെന്താണ്: ഇക്കഴിഞ്ഞ കാലമത്രയും നാം പുലർത്തിപ്പോന്ന മൂല്യങ്ങളുടെ അഗാധമായൊരു വീണ്ടുവിചാരവും പുനഃപരിശോധനയും അനിവാര്യമായിരിക്കുന്നു. രോദനങ്ങൾ എങ്ങും പടരുന്നു. അപരിചിതമായൊരു കറുത്ത നിശ്ശബ്ദത എല്ലാറ്റിനെയും ഗ്രസിച്ചുകൊണ്ടിരിക്കുന്നു. അതിനു കാരണക്കാർ നമ്മൾതന്നെ. നമുക്കു വേണ്ടാത്തൊരിടത്തേക്ക്, ഇരുട്ടിലേക്ക് നാം ഒന്നാകെ തെന്നിത്തെറിക്കുകയാണ്. കെടുകാര്യസ്ഥതയെ സ്വന്തം തത്ത്വശാസ്ത്രമാക്കി മാറ്റിയിരിക്കയാണ് നാം. നാം ദിക്കറിയാതെ- ഉഴലുകയാണ്. ഇതെങ്ങനെ മറികടക്കും എന്നതു മാത്രമല്ല പ്രശ്നം. അതിന്റെ കാരണങ്ങൾ കണ്ടെത്തുന്നിടത്തുനിന്നേ നമ്മുടെ ഭാവി ആരംഭിക്കൂ. ഈ തിരിച്ചറിവാണ് വേണ്ടത്.

രാജ്യങ്ങളുടെ അപചയത്തിലും പതനത്തിലും യാതൊരു ദുരൂഹതയുമില്ല. ഭരണവർഗ്ഗത്തിന്റെയും എഴുത്തുകാരുടെയും ജീർണ്ണതയിൽനിന്നാണ് അതു സംഭവിക്കുന്നത്. സാഹിത്യകാരന്റെ സ്വപ്നങ്ങളെ, വെളിപാടുകളെ, തിരിച്ചറിവുകളെ രാഷ്ട്രം മാനിക്കാതെയാകുമ്പോൾ ജീർണ്ണത സ്വാഭാവികം മാത്രം. നാടിന്റെ ഉപബോധത്തിലെ വീര്യവും പൊരുതാനുള്ള ഇച്ഛാശക്തിയും എഴുത്തുകാരിൽനിന്നാണ് രൂപപ്പെടുന്നതെന്ന ചരിത്രം വിസ്മരിക്കുന്നിടത്ത് അപചയം അനുഭവിക്കാതിരിക്കില്ല. ജനതയുടെ മാനസികാരോഗ്യം രൂപപ്പെടുന്നത് എഴുത്തുകാരിലൂടെയാണ്. ജനതയെ പുതിയ സ്വപ്നങ്ങളിലേക്ക് നയിക്കുന്നത് സാഹിത്യകാരന്മാരുടെ വാക്കുകളാണ്. സ്രഷ്ടൃമുഖതയുടെ സാദ്ധ്യതകൾ അവരിലൂടെയാണ് വെളിപ്പെടുന്നത്. എഴുത്തുകാരെ മാനിക്കാത്ത ഒരു ദേശത്തിനും ആത്മാവുണ്ടാകുന്നില്ല.

'കെട്ട ഞങ്ങൾ തൻ സ്വപ്നക്കെട്ടെടുത്തു കരേറുക നിങ്ങൾ' എന്ന് വൈലോപ്പിള്ളി പറയുന്നു. സൃഷ്ടിപരമായ ആത്മബലിയാണ് സർഗ്ഗജീവിതമെന്നും അതിൽനിന്ന് നാളേക്ക് ഒരു സ്വപ്നം വിടരുന്നുവെന്നും അദ്ദേഹം പറയുന്നു. സ്വന്തം ജീർണ്ണതയെ മറികടക്കാൻ വെമ്പുന്ന എഴുത്തുകാരെയാണ് നമുക്കു വേണ്ടത് എന്നുകൂടി ആ വാക്കുകൾ ധ്വനിപ്പിക്കുന്നുണ്ട്.

എല്ലാ രാഷ്ട്രീയങ്ങളും നിറഞ്ഞതാണ് ജീവിതം. രാഷ്ട്രീയം എന്ന പദത്തിന് രാഷ്ട്രീയപ്പാർട്ടികൾ എന്നതിനപ്പുറം ജ്ഞാനദർശനങ്ങൾ എന്നൊരു അർത്ഥവും കൂടിയുണ്ട്. പ്രശ്നമണ്ഡലം എന്നും അർത്ഥമുണ്ട്. ആ നിലയ്ക്കാണ് പൊളിറ്റിക്സ് ഓഫ് ലൗ, പൊളിറ്റിക്സ് ഓഫ് സെക്സ്... എന്നിങ്ങനെ ഓരോന്നിന്റെയും കൂടെ ചേർത്തു പറയുന്നതെന്നു തോന്നുന്നു. ഏതായാലും എല്ലാമെല്ലാം ചേർന്ന് ഉരുത്തിരിയുന്ന ഒന്നാണ് ജീവിതത്തിന്റെ രാഷ്ട്രീയം. അതിൽ 'രാഷ്ട്രീയ'ത്തിന്റെ ജീവിത-മരണവെപ്രാളങ്ങളുണ്ട്. ഈ പ്രശ്നമണ്ഡലത്തിൽ ഇത്തിരി പ്രാണവായു, ഇത്തിരി പച്ചപ്പ് എവിടെനിന്നു കിട്ടും? അതാണ് എഴുത്തുകാരൻ അന്വേഷിക്കുന്നത്. ഈ അന്വേഷണം ഇല്ലാത്തിടത്ത് ജീർണ്ണതമാത്രം.

രാഷ്ട്രീയങ്ങളിൽനിന്ന് അകന്നു നിൽക്കാൻ പല സാഹിത്യകാരന്മാരും ശ്രമിക്കുന്നു. ആർക്കും പിടികൊടുക്കാതെ അഭയംതേടിയലയുന്ന ഏകാകികളായിരുന്നു മുൻകാലത്തെ പല എഴുത്തുകാരും. എന്നാൽ ഇന്ന് സ്വയം പ്രശ്നമണ്ഡലങ്ങളായി സമൂഹമദ്ധ്യത്തിൽ സ്വയം തളച്ചിടപ്പെട്ടവരാണ് പലരും. എന്നാൽ പലായനത്തിനും നിശ്ചലതയ്ക്കും അല്ല എഴുത്തുജീവിതം. ജീവിതത്തിന്റെ ചലനാത്മകമായ എഴുത്താണ് കാവ്യജീവിതം. □




**കവിരേഖ**
**വാക്കുകളിലെ ജീവതാരകം**

സമകാലിക സാമൂഹ്യാവസ്ഥകളെ, കാവ്യവഴികളെ, ലോക കവിതാ പ്രസ്ഥാനങ്ങളിലെ മാറുന്ന സാംസ്കാരിക ഭ്രപടങ്ങളെയൊക്കെ ആഴത്തിൽ വിശകലന വിധേയമാക്കുകയാണ് ദേശമംഗലം രാമകൃഷ്ണൻ. നമുക്കേറെ പരിചിതരായ കവികൾക്കൊപ്പം തന്നെ ഇബ്രാഹിം അൽ റുബായിഷ്, ഏൻജെൽ ക്വാദ്രാ ഉൾപ്പെടെയുള്ളവരുടെ കാവ്യലോകങ്ങളെ സ്വതന്ത്രമായ നിലയിൽ അവതരിപ്പിക്കുന്ന ഗ്രന്ഥം.

വില ₹260

# പുതിയ പുസ്തകങ്ങൾ

രാഷ്ട്രീയം




## ഇന്ത്യ കണ്ട ഏറ്റവും വലിയ അഴിമതി

"ഇന്ത്യയിലെ എന്നല്ല ലോകത്തിലെ തന്നെ ഏറ്റവും വലിയ അഴിമതിയാണ് ഇലക്ടറൽ ബോണ്ട്. ഈ അഴിമതി പുറത്തുവന്നതോടെ ഈ തിരഞ്ഞെടുപ്പ് പോരാട്ടം രണ്ടു മുന്നണികൾ തമ്മിലല്ല, ബി ജെ പിയും ഇന്ത്യയിലെ ജനങ്ങളും തമ്മിലാണ്."

**പരകാല പ്രഭാകർ**

വില ₹60

## എന്തുകൊണ്ട് ഇടതുപക്ഷം

പേജ് 144
വില ₹180

### കുറിപ്പുകളും ചാർട്ടുകളും ഗ്രാഫുകളും അടങ്ങുന്ന ഹൈബ്രിഡ് പുസ്തകം


പുസ്തകമെന്ന രീതിയിൽ വായിച്ചു മനസ്സിലാക്കാനും അതെ സമയം സാമൂഹ്യമാധ്യമങ്ങളിലൂടെ വളരെ എളുപ്പത്തിൽ പ്രചരിപ്പിക്കാനുമുതകുന്ന രീതിയിലാണ് ഓരോ പേജും തയ്യാറാക്കിയിരിക്കുന്നത്



വർത്തമാനങ്ങൾ

ഡോ. തോമസ് ഐസക്കിന്റെ ജീവിതം അഞ്ചു വിഷയ-കാലങ്ങളിൽ ഊന്നി നിന്നുകൊണ്ട് അവതരിപ്പിക്കുന്ന പുസ്തകം.

വില ₹260




# വർത്തമാനങ്ങൾ

## ഡോ. ടി എം തോമസ് ഐസക്

**കൊടുങ്ങല്ലൂരിൽ** പെരിയാറിന്റെ തീരത്ത് സമീപഗ്രാമങ്ങളിൽ പിറന്നവരാണ് എഴുത്തുകാരൻ സേതുവും മുൻധനമന്ത്രി ഡോ. തോമസ് ഐസക്കും. സേതുവിന്റെ നാട് ചേന്ദമംഗലം, ഐസക്കിന്റേത് കോട്ടപ്പുറം. സേതുവിന്റെ നോവലായ മറുപിറവിയിലെ കഥാപാത്രങ്ങൾ ജനിച്ചുവളർന്നത് ഈ ഗ്രാമങ്ങളിലാണ്. നോവൽ പിറന്ന മണ്ണിലൂടെ കഥാകൃത്തും സുഹൃത്തായ രാഷ്ട്രീയക്കാരനും ഒന്നിച്ചു സഞ്ചരിച്ച് കഥയും ജീവിതവും പങ്കിടുന്നു.

കോട്ടപ്പുറം ചന്തയിൽ ആളനക്കം ഉണ്ടായിരുന്നില്ല

ഓണവെയിലായിട്ടും നിരത്തിനിരുവശവുമുള്ള കടകളിലേറെയും അടഞ്ഞു കിടന്നു. തട്ടിക ഉയർത്തിയ ഒന്നുരണ്ടു കടകൾക്കു മുന്നിൽ ഉച്ചമയക്കത്തിന്റെ ആലസ്യത്തിൽ ചിലർ ചാഞ്ഞിരുന്നു. ഒരുകാലത്ത് കൊച്ചിയിലെ ഏറ്റവും തിരക്കുള്ള ചന്തയായിരുന്ന പെരിയാർതീരത്തെ കോട്ടപ്പുറം. ഇവിടെനിന്നു വലിയ വള്ളങ്ങളിൽ ചരക്കുകൾ തിരുവിതാംകൂറിലേക്കും കോഴിക്കോട്ടേക്കും ഒഴുകി, തിരിച്ചും. ഇന്ന് ആ ഓർമ്മകളുടെ ഓളങ്ങളിലേറി ഒരു നീണ്ട മയക്കം...

സേതുവും തോമസ് ഐസക്കും വാഹനത്തിൽനിന്ന് ഇറങ്ങി. നേരെ മുന്നിൽ ഒരു ബോർഡ്. കോട്ടപ്പുറം ചന്ത സംരക്ഷിക്കാനുള്ള ആഹ്വാനം. അതുനോക്കി ഒരുനിമിഷം നിന്ന ഐസക്, സേതുവിനോട് പറഞ്ഞു: 'ദാ നിരത്തിന്റെ അങ്ങേയറ്റത്ത് വളവിൽ ഒരുനിരകട അപ്പച്ചന്റേതായിരുന്നു. തുണിക്കട, കൊപ്രക്കച്ചവടം, കയർമില്ല്... എല്ലാമുണ്ടായിരുന്നു.

ഇന്ന് അവിടെ ഒരു മുറിയിൽ അനുജന്റെ കട മാത്രം...'

ഇത്രയും പറഞ്ഞപ്പോഴേക്കും എതിർവശത്തെ കെട്ടിടത്തിൽനിന്നു പരിചയക്കാർ ആരോ ഐസക്കിനെ വിളിച്ചു. കോട്ടപ്പുറം ചന്തയിലെ വായനശാലയാണ്. ഐസക് വായിച്ചുവളർന്ന, സെക്രട്ടറിയായിരുന്ന, വായനശാല.

'കയറുന്നില്ലേ. '

'ഇല്ല. നേരമില്ല. അത്യാവശ്യമായി ചേന്ദമംഗലത്തേക്കു പോകുകയാണ്.'

നിരത്തിനരികിലെ പെട്ടിക്കടയിൽ ഐസക്, സേതുവിനെയും കൂട്ടി കയറിയപ്പോൾ മുൻമന്ത്രിയെ അടുത്തുകിട്ടിയ സന്തോഷത്തിലായി നാട്ടുകാരനായ കടക്കാരൻ.

ചായ വീശിയടിക്കുമ്പോൾ കടക്കാരൻ ഓരോന്നു ചോദിച്ചുകൊണ്ടിരുന്നു. ഐസക്കിനെ കണ്ട് മറ്റു സഖാക്കളും കൂട്ടുകാരും ചുറ്റുംകൂടി. എല്ലാവർക്കും സഖാവിന്റെ ചായ. പരിപ്പുവട തീർന്നിരുന്നു!

'സേതുവിനറിയുമോ എന്നെ ആദ്യമായി അറസ്റ്റു ചെയ്യുന്നത് അടിയന്തരാവസ്ഥക്കാലത്ത് ഇവിടെവച്ചാണ്. '


'ഇല്ല... എന്താ കഥ?'

'മഹാരാജാസിൽ ബി എ വിദ്യാർത്ഥിയാണ് ഞാനന്ന്; എസ് എഫ് ഐയുടെ യൂണിറ്റ് സെക്രട്ടറിയും. രണ്ടുമാസമായി കാമ്പസിൽ അടിയും സമരവുമാണ്. പൊലീസ് തപ്പിനടക്കുകയാണ്. ഞാൻ ഒളിച്ചും പാത്തും വീട്ടിൽ വന്നുപോകും. ക്ലീൻ ഷേവ് ചെയ്ത്, കണ്ണട ധരിക്കാതെ നടന്നാൽ വീട്ടുകാർപോലും അറിയില്ല. അന്ന് വെറ്റില മുറുക്കുന്ന ശീലമുണ്ട്. ഒരു ദിവസം കോട്ടപ്പുറം ചന്തയിൽനിന്ന് മുറുക്കുകയായിരുന്നു. ആരോ പിന്നിൽനിന്നു ചോദിച്ചു: ഐസക് അല്ലേ?

'അതെ' - ഓർക്കാതെ പറഞ്ഞുപോയി. □

പുതിയ പുസ്തകങ്ങൾ

നോവൽ




## ഒരു ഇന്ത്യൻ കുട്ടിയുടെ അനുഭവ കഥ

**ടി ഗോപി**



'നക്സലൈറ്റ് മുദ്ര' കുത്തപ്പെട്ട് വിവിധ ഇന്ത്യൻ നഗരങ്ങളിലേക്ക് പലായനം ചെയ്ത് ഒളിവുജീവിതം നയിച്ച് അന്വേഷണ ഏജൻസികളുടെ കൊടിയ പീഡനങ്ങൾക്കും കാരാഗൃഹവാസത്തിനും ഇടയാക്കിയ സ്വന്തം ജീവിതാനുഭവത്തിൽ നിന്നുള്ള ചില ഏടുകളാണ് ഈ നോവലിൽ അവതരിപ്പിച്ചിരിക്കുന്നത്. ഒരു ഇന്ത്യൻ കുട്ടിയുടെ അനുഭവകഥ ഒരു കാലഘട്ടത്തിന്റെ സാമൂഹ്യ-രാഷ്ട്രീയ അനുഭവം കൂടിയാണ്.

വില ₹290

---

കഥ

## ഇഷ്ടൻ

**വട്ടപ്പാറ ശശി**



ലളിതസുന്ദരമായ ആഖ്യാനശൈലിയിൽ എഴുതപ്പെട്ട കഥകൾ. ശ്ലീലാശ്ലീലങ്ങളുടെ അതിർവരമ്പുകൾക്കുള്ളിൽ ഒതുങ്ങിക്കൂടി നിൽക്കാത്ത, വേറിട്ട വായനാനുഭവം പ്രദാനം ചെയ്യാൻ പര്യാപ്തമായ കൃതി.

വില ₹290




---

കവിത




## കൂമൻകണ്ണ്

**ഡോ. സുകേഷ്**



"കവിയും കവിതയും തമ്മിൽ, വ്യക്തിയും പ്രപഞ്ചവും തമ്മിലുള്ള അഭേദത്തിന്റെയും അവിഭാജ്യതയുടെയും അനുഭവമായിത്തീരുന്ന കവിതയെക്കുറിച്ചുള്ള കാഴ്ചപ്പാട് ജീവിതത്തിൽനിന്നും പിൻവാങ്ങുന്ന ഒരുതരം വേദാന്ത ദർശനമല്ല മറിച്ച്, പ്രപഞ്ച ജീവിതയാഥാർത്ഥ്യങ്ങളിലേക്ക് നീളുന്ന കാവ്യദർശനമാണ്. ഈ കാവ്യ സങ്കല്പത്തിന്റെ അടിസ്ഥാനത്തിൽ പിറക്കുന്നതാണ് സുകേഷിന്റെ കവിത.

വില ₹240

---

കഥ


## ചാക്കാലക്കളി

**രാജീവ് ജി ഇടവ**



മനുഷ്യജീവിതങ്ങളിലെ സംഘർഷങ്ങളെയും സന്താപങ്ങളെയും കറുത്തഹാസ്യത്തിന്റെ പശ്ചാത്തലത്തിൽ അവതരിപ്പിക്കുന്ന കഥകളുടെ സമാഹാരം. ഇരുണ്ട കാലത്തിന്റെ മനുഷ്യാനുഭവങ്ങൾ ഒരു കാലഘട്ടത്തിന്റെ രാഷ്ട്രീയാനുഭവങ്ങൾ കൂടിയാണ് എന്ന് ചാക്കാലക്കളിയിലെ കഥകളോരോന്നും പറയാതെ പറയുന്നു.

വില ₹170



World Classics


# ജേക്കബിന്റെ മുറി

## വിർജീനിയ വുൾഫ്

'ഇത്തവണ സമീപനം തികച്ചും വ്യത്യസ്തമായിരിക്കുമെന്ന് ഞാൻ കരുതുന്നു...'[1]

1920 നും 1922 നും ഇടയ്ക്ക് എഴുതപ്പെട്ട ജേക്കബ്സ് റൂം (ജേക്കബിന്റെ മുറി) വിർജീനിയ വുൾഫിന്റെ മൂന്നാമത്തെ നോവലാണ്. ഈ നോവലിലാണ്, "എന്റെ തന്നെ ശബ്ദത്തിൽ എന്തെങ്കിലും പറയാൻ തുടങ്ങി (40 ൽ) എന്ന് കണ്ടെത്തിയത്,"[2] എന്നവർ ആത്മപരിശോധനാപരമായി രേഖപ്പെടുത്തിയിട്ടുണ്ട്. ഒന്നാം ലോക മഹായുദ്ധത്തിന്റെ തൊട്ടുമുന്നെ പ്രതിഷ്ഠിച്ചിരിക്കുന്ന ഈ നോവൽ, ഒരു പരിധിവരെ യുദ്ധപൂർവ്വ നിഷ്കളങ്കതയുടെ പ്രസന്ന ദിവസങ്ങളെ ഉണർത്തുന്നു. എഡ്വേർഡിയൻ ശൈലിയുടെയും, ആധുനിക നോവലുകളുടെയും ഇടയിലുള്ള അതിരിൽ ആടിക്കളിക്കുന്ന ഇത് അരികുകളെയും ഓരങ്ങളെയും, കഥാപാത്രങ്ങളെ പാളികളായി അവതരിപ്പിക്കുന്നതിനെയുംകുറിച്ചുള്ളതാണ്. ജീവിതത്തിലും സാഹിത്യകൃതിയിലും, ദുർഗ്രഹവും കോമളവും കൊതിപ്പിക്കുംവിധം വ്യഞ്ജകവുമായ ജേക്കബിന്റെ മുറി എന്ന നോവലിലാണ്, ആഗ്രഹവും ഓർമ്മയും തമ്മിലുള്ള ബന്ധം വുൾഫ് ആദ്യമായി പരിശോധിക്കുന്നത്. ഈ നോവലിലാണ് അവർ ലൈംഗികതയെക്കുറിച്ച് സ്പഷ്ടമായി എഴുതുന്നത്; ഇവിടെ അവർ തന്നെ വിശേഷിപ്പിക്കുന്ന പോലെ "മനോവിജ്ഞാനീയത്തിന്റെ ഇരുണ്ട സ്ഥലങ്ങളിലേക്ക്" അവരെടുത്ത് ചാടുകയാണ്.[3] കേന്ദ്ര കഥാപാത്രത്തെ കേംബ്രിഡ്ജിലേക്ക്, ലണ്ടന്റെ വെള്ളിവെളിച്ചത്തിലേക്കും സ്ത്രീകളുടെ ചങ്ങാത്തത്തിലേക്കും കൊണ്ടുവരുമ്പോൾ, ഒരേ സമയത്ത്, ഉപരിതലത്തിൽ പൊങ്ങിനിൽക്കുന്ന കൊത്തുപണികളിലൂടെ, മനുഷ്യരൂപവും മനുഷ്യമനസ്സും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള അടിസ്ഥാന ചോദ്യങ്ങൾ ഉയരുന്നത് അവന് കാണിച്ചുകൊടുക്കുകയാണ് അവർ ചെയ്യുന്നത്.

"പഴയ രീതികൾ കാലഹരണപ്പെട്ടതാണെങ്കിൽ," 1921 ൽ ഹെൻട്രി ജയിംസിനെക്കുറിച്ച് വുൾഫ് എഴുതുന്നു, "പുതിയവ കണ്ടെത്തുക എന്നത് എഴുത്തുകാരുടെ കർത്തവ്യമാണ്."[4] ആദ്യ രണ്ട് നോവലുകളായ ദ വോയേജ് ഔട്ടിലും നൈറ്റ് ആന്റ് ഡേയിലും തന്റെ പരിശീലനം പൂർത്തിയാക്കിയ അവർ, സ്വന്തം കൃതികളിൽ പുതിയ രൂപങ്ങൾ പരീക്ഷിക്കാൻ തയ്യാറായിരുന്നു. ഇതിൽ ആദ്യത്തേതിൽ, ഒരു യുവതിയുടെ മനസ്സിന്റെ കൂടുതൽ പങ്കുവെക്കാനാവാത്ത പ്രദേശങ്ങളിൽ പര്യവേഷണം നടത്താൻ അവർ ശ്രമിച്ചെങ്കിലും ആ നോവലിന്റെ താരതമ്യേന വ്യവസ്ഥാപിതമായ രൂപം ആത്യന്തികമായി അവരെ വല്ലാതെ ഞെരുക്കിക്കളഞ്ഞു. ഒരു തിരുത്തൽ എന്ന നിലയിലാണ് താൻ അതെഴുതിയതെന്നും അതെഴുതുന്നതിനിടയിൽ, "പകുതി സമാശ്വസിപ്പിക്കുന്നതിനും പകുതി ശരീരഘടന പഠിക്കുന്നതിനുമായി പ്ലാസ്റ്റർ മൂശകളിൽനിന്നും പകർപ്പ് (സ്വയം) എടുത്തിരുന്നു," എന്നും അവർ രേഖപ്പെടുത്തിയിട്ടുണ്ട്.[5] സ്ലേഡിൽ ഒരു ചിത്രകാരി എന്ന നിലയിൽ അപ്രന്റീസ്ഷിപ്പെടുത്ത അവരുടെ സഹോദരി വെനേസ ബെല്ലിനെ പോലെ, മൂശയിൽ[6] നിന്നും പകർത്തുക," വഴി, രേഖാചിത്രങ്ങളെക്കുറിച്ച് തനിക്കറിയാൻ സാധിച്ചതായും ജീവിതത്തിൽനിന്നും വരയ്ക്കാൻ തയ്യാറായതായും അവർക്ക് തോന്നി. □





## ജേക്കബിന്റെ മുറി

JACOB'S ROOM

ജേക്കബ് ഫ്ളന്റേഴ്സ് എന്ന കഥാനായകനെ മുൻനിർത്തിയാണ് നോവൽ വികസിക്കുന്നത്. ഒന്നാം ലോകമഹായുദ്ധത്തിന്റെ തൊട്ടുമുമ്പാണ് ഈ നോവലിലെ കഥാകാലം. യുദ്ധപൂർവ്വനാളുകളുടെ പ്രസന്നദിനങ്ങളെ ഓർമ്മപ്പെടുത്തുന്ന രചന.

വില ₹380




# ഇറ്റലി

## കലയും കലാപവും നിറഞ്ഞാടിയ ദേശം

### ബഷീർ ചുങ്കത്തറ



വൈരുദ്ധ്യങ്ങളുടെയും വൈവിദ്ധ്യങ്ങളുടെയും നാടാണ് ഇറ്റലി. മുസ്സോളിനിയും അന്റോണിയോ ഗ്രാംഷിയും ജീവിച്ച ഭൂമിക. ഇറ്റലിയിലേക്ക് എഴുത്തുകാരനായ ബഷീർ ചുങ്കത്തറ നടത്തിയ യാത്രയുടെ അനുഭവങ്ങളാണീ പുസ്തകത്തിൽ.

വില ₹130

# യാത്രാ പുസ്തകങ്ങൾ



## ഉപ്പുപാടത്തെ ചന്ദ്രോദയം

### ഡോ. കെ ടി ജലീൽ

വംശീയത വേരുകൾ ആഴ്ത്തിപ്പടർന്ന സമകാലീന ഗുജറാത്ത് തന്നെയായിരുന്ന വംശീയ വിദ്വേഷത്തിനെതിരെ വിട്ടുവീഴ്ചയില്ലാതെ നിലകൊള്ളുകയും അതിന്റെ രക്തസാക്ഷിയാകുകയും ചെയ്ത മഹാത്മാഗാന്ധിയുടെ നാട് എന്നത് ഒരു വിരോധാഭാസമാണ്. ഗുജറാത്തിന്റെ മണ്ണിലൂടെയുള്ള ജലീലിന്റെ യാത്രകൾ ഈ വൈരുദ്ധ്യങ്ങളിലേക്ക് നമ്മുടെ കണ്ണ് തുറപ്പിക്കുന്നു.

വില ₹210







## എക്ല ചലോരേ

### ബംഗാൾ യാത്രകളുടെ പുസ്തകം

### രാധാകൃഷ്ണൻ ചെറുവല്ലി



മാറി മറിയുന്ന ബംഗാൾ യാഥാർത്ഥ്യങ്ങളെ അടുത്തറിയാൻ ഒരു യാത്രികൻ നടത്തിയ ശ്രമങ്ങളാണ് എക്ല ചലോരേ. തിരക്കുകളിൽ വീർപ്പുമുട്ടുന്ന കൽക്കത്തയിലും സുന്ദർബൻ, ശാന്തിനികേതൻ, ബിഷ്ണുപ്പൂർ, സിംഗൂർ, പുരുളിയ എന്നിവിടങ്ങളുൾപ്പെടെയുള്ള സ്ഥലങ്ങളിലേക്ക് രണ്ടു കാലങ്ങളിലായി രാധാകൃഷ്ണൻ ചെറുവല്ലി നടത്തിയ യാത്രകളുടെ കുറിപ്പുകളാണിത്. വർത്തമാനകാല ബംഗാളിന്റെ സാമൂഹിക രാഷ്ട്രീയ ചലനങ്ങൾ അറിയാൻ ശ്രമിക്കുന്നവർക്ക് ഉപകാരപ്രദമാകുന്ന ഗ്രന്ഥം.

വില ₹330

രാഷ്ട്രീയം

# മതരാഷ്ട്രവാദത്തിന്റെ ശിലകൾ

## ഹിന്ദുത്വമുദ്രാവാക്യങ്ങളുടെ ഉൾപ്പൊരുൾ

### സതീശ് സൂര്യൻ

പൗരാണിക കാലം മുതൽ ഇന്ത്യക്കാർ അവകാശപ്പെട്ടുവരുന്ന ഒരു കാര്യമുണ്ട്. വിശുദ്ധിയുടെ നാടാണ് ഭാരതവർഷം എന്നതാണ് ആ അവകാശവാദം. ലോകം ഒരൊറ്റ തപോവനമാണെന്നും ചെറുപ്പവലിപ്പങ്ങളില്ലാതെ ഷഡ്പദങ്ങളുടേയും ഉറുമ്പുകളുടേയും തരുക്കളുടേയും പക്ഷികളുടേയും മൃഗങ്ങളുടേയുമൊക്കെ ജീവൻ വിലപ്പെട്ടതെന്നു മാത്രമല്ല, എല്ലാം വിശുദ്ധമാണെന്നു കരുതുന്നതാണ് തങ്ങളുടെ പാരമ്പര്യം എന്നും നാം അവകാശപ്പെടും.

ഇങ്ങനെ എല്ലാം വിശുദ്ധമെന്നു വാദിക്കുന്നവർക്ക് ഏറ്റവും വിശുദ്ധമായ ഒന്നുണ്ട്. മനുഷ്യനായിരിക്കുക എന്നതാണ് അതിനുത്തരമെന്നു വിചാരിച്ചു പോകരുത്. മനുഷ്യൻ എന്ന ഉണ്മയിലല്ല, പശുവെന്ന മൃഗത്തിലാണ് അവർ പവിത്രത ആരോപിച്ചു പോന്നിട്ടുള്ളത്. എന്നാൽ, ഇന്ത്യൻ ഉപദ്വീപിൽ ജനിച്ചവരാരും കാലങ്ങളായി മനുഷ്യരേ ആയിരുന്നില്ല എന്നതാണ് യാഥാർത്ഥ്യം. മറിച്ച് ബ്രഹ്മാവിന്റെ മുഖത്തുനിന്നും ബാഹുക്കളിൽനിന്നും ഊരുക്കളിൽനിന്നും പാദങ്ങളിൽ നിന്നുമൊക്കെ ഉത്ഭവിച്ചവരേ ആയിരുന്നുള്ളൂ.

ഹിന്ദുസ്വത്വത്തെ ആസ്പദമാക്കി, യൂറോപ്യൻ മാതൃകയിലുള്ള വെസ്റ്റ്ഫാലിയൻ സങ്കല്പങ്ങളോടു കടപ്പാടുള്ള ദേശരാഷ്ട്രമാണ് ഹിന്ദുത്വം വിഭാവനം ചെയ്യുന്നത്. ബഹുസ്വരമായ ഹൈന്ദവികതയ്ക്കു പകരം ഏകമുഖമായ ഒരു ഹിന്ദുസ്വത്വമാണ് ഹിന്ദുത്വ സങ്കല്പങ്ങളിലുള്ളത്. കലയിൽ, സംസ്കാരത്തിൽ, ജീവിതരീതികളിൽ ഉള്ള വൈവിദ്ധ്യം അതിനു വർജ്ജ്യമാണ്. ഒരൊറ്റ ഭാഷ, ഒരൊറ്റ മതം/സംസ്കാരം, ഒരു ഭക്ഷണശൈലി അങ്ങനെ എല്ലാ രംഗത്തും ബലപ്രയോഗത്തിലൂടെയാണെങ്കിലും ഏകത കൈവരിക്കണമെന്ന് അത് ആഗ്രഹിക്കുന്നു. ഹിന്ദുത്വത്തിന്റെ മാത്രമല്ല, അത്തരത്തിലുള്ള ഏതൊരു രാഷ്ട്രീയ നിർമ്മിതിയുടേയും (Political construct) സവിശേഷതയും ഇതൊക്കെ തന്നെയാണ്.

ഹിന്ദുസ്വത്വത്തെ അടിത്തറയാക്കി നമ്മുടെ ദേശരാഷ്ട്രത്തെ പുനർനിർമ്മിക്കുന്ന പ്രവൃത്തിയിലാണ് ആർ എസ് എസ് ഏർപ്പെട്ടിരിക്കുന്നത്. ഈ ഹിന്ദു സ്വത്വബോധത്തിന്റെ കേന്ദ്ര സങ്കല്പങ്ങളിലൊന്നാണ് ഭക്ഷണവും. എന്തു ഭക്ഷണമാണ്, എങ്ങനെയാണ് അതു കഴിക്കുന്നത് എന്നത് മനുഷ്യരിൽ ഒരു വിഭാഗത്തിന്റെ വ്യതിരിക്തതയും മറ്റുള്ളവരിൽനിന്നുള്ള വ്യത്യസ്തതയും വ്യക്തമാക്കുന്നുണ്ട്. ഭക്ഷണം ഓരോ വിഭാഗത്തിന്റേയും ഏകത സ്പഷ്ടമാക്കുന്നതുപോലെ മറ്റു വംശങ്ങളേയും വിഭാഗങ്ങളേയും അപരവൽക്കരിക്കുകയും ചെയ്യുന്നുണ്ട്. ഭക്ഷണം വ്യക്തിത്വത്തിന്റേയും കേന്ദ്രമാണ്. ജീവശാസ്ത്രപരമായും മന:ശാസ്ത്രപരമായും സാമൂഹികമായും ഒരാൾ തിരഞ്ഞെടുക്കുന്ന ഭക്ഷണം അയാളുടെ/അവളുടെ വ്യക്തിഗത ഐഡന്റിറ്റി നിർമ്മിക്കുന്നതിലും ഒരു പങ്ക് വഹിക്കുന്നുണ്ട്. □





മതരാഷ്ട്രവാദത്തിന്റെ ശിലകൾ

ഹിന്ദുത്വമുദ്രാവാക്യങ്ങളുടെ ഉൾപ്പൊരുൾ



ഹിന്ദുത്വ രാഷ്ട്ര നിർമ്മിതിക്കായി ഉപയോഗിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഘടകങ്ങളെ സമഗ്രമായും ആധികാരികമായും വിശകലനം ചെയ്യുന്ന കൃതി.

വില ₹240

# ഏറ്റവും പുതിയ നോവലുകൾ




## ഒരു ബൊഹീമിയൻ ഡയറി



**പി എം മധു**

**വില ₹220**

നാസി തടങ്കൽപ്പാളയത്തിൽ അടയ്ക്കപ്പെട്ട പ്രശസ്ത മനഃശാസ്ത്രജ്ഞൻ വിക്ടർ ഫ്രാങ്ക്ളിന്റെ ഡയറിക്കുറിപ്പുകളിലൂടെ വികസിച്ച് ഓഷ്വിറ്റ്സ് എന്ന നരകത്തിന്റെ ഭീകരാനുഭവങ്ങളെ അടയാളപ്പെടുത്തുന്ന നോവൽ. ചരിത്രവും ഭാവനയും ഇടകലരുന്ന അസാമാന്യ രചന.



## കിലാപത്തുകാലം

**ഹംസ ആലുങ്കൽ**

**വില ₹420**




1840 മുതൽ 1921 വരെയുള്ള മലബാറിന്റെ സാമൂഹ്യ രാഷ്ട്രീയ പശ്ചാത്തലമാണ് കിലാപത്തുകാലം ആവിഷ്കരിക്കുന്നത്. ബ്രിട്ടീഷ് പൊലീസ് ഉദ്യോഗസ്ഥന്റെ ഭാര്യ വിർജീനിയയുടെ കുറിപ്പുകളിലൂടെയാണ് വായനക്കാരൻ ആ കാലത്തെക്കുറിച്ച് മനസ്സിലാക്കുന്നത്. കാർഷിക കലാപങ്ങളും കൊളോണിയൽ അടിച്ചമർത്തലുകളും പ്രണയവും പ്രതികാരവുമൊക്കെ കടന്നുവരുന്ന ചരിത്രവും ഭാവനയും ഇടകലരുന്ന നോവൽ.




## ചില്ലാട്ട കല്യാണം



**ടി പി കലാധരൻ**

**വില ₹360**

വസ്തുക്കളും അതിനെപ്പറ്റിയുള്ള സ്മരണകളും മനുഷ്യമനസ്സിൽ ആഴത്തിൽ കുഴിച്ചിടപ്പെട്ട ചരിത്രത്തിന്റെ ഏടുകളാണ്. മനുഷ്യരുടെ കൊള്ള-കൊടുക്കലുകൾക്കൊപ്പം അതിനു നിദാനമായ വസ്തുക്കളും ഓർത്തെടുക്കലിന്റെ മാസ്മരികതയിൽ എപ്പോഴും തെഴുത്തു നില്ക്കും. ടി പി കലാധരന്റെ ചില്ലാട്ട കല്ല്യാണം ചരിത്രത്തിന്റെ മൂലക്കല്ലുകൾ കടന്നുള്ള മനുഷ്യസഞ്ചാരത്തിന്റെ അടയാളപ്പെടുത്തലുകളാണ്. മനുഷ്യജീവിതത്തിന്റെ ഇഴകളിൽ വേർപെടുത്താനാവാത്തവിധം കുരുങ്ങിക്കിടക്കുന്ന ബന്ധങ്ങളുടെ ആവിഷ്കാരമാണീ നോവൽ.



രാഷ്ട്രീയം

# ഹിന്ദുത്വവാദം ഇസ്‌ലാമിസം ഇടതുപക്ഷം


## എം എം നാരായണൻ


പ്രത്യയശാസ്ത്രപരമായി വിപരീത ധ്രുവങ്ങളിൽ കഴിയുന്ന, കമ്യൂണിസവും ഹിന്ദുത്വഫാഷിസവും ഈ രാജ്യത്തിന്റെ രാഷ്ട്രീയ രംഗത്ത് ഏതാണ്ടൊരേ കാലയളവിലാണ് പ്രത്യക്ഷപ്പെടുന്നത്. കമ്യൂണിസ്റ്റുകൾ, അവരുടെ ലക്ഷ്യങ്ങളും ലക്ഷ്യലാഭത്തിന് സ്വീകരിക്കുന്ന മാർഗ്ഗങ്ങളും പരസ്യപ്പെടുത്താറുണ്ട്. കാര്യങ്ങൾ ഒളിച്ചുവെക്കുന്നതല്ല, വിളിച്ചുപറയുന്നതാണ് അവരുടെ പാരമ്പര്യം. എന്നാൽ ഫാഷിസ്റ്റുകൾ ഫാഷിസമെന്താണെന്ന് ലോകമറിയുന്നതിനുമുമ്പ് സ്വകക്ഷിക്ക് ഫാഷിസ്റ്റ് പാർട്ടി എന്ന് പേരിടാൻ തുനിഞ്ഞ മുസോളിനിയെ മാറ്റിനിർത്തിയാൽ, എവിടെയും എപ്പോഴും തങ്ങൾ ഫാഷിസ്റ്റുകളാണെന്ന് തുറന്നുപറയാനുള്ള ആർജ്ജവമോ ആത്മവിശ്വാസമോ പ്രകടിപ്പിക്കാറില്ല. മുസോളിനിക്ക് തൊട്ടുപിന്നാലെ വന്ന ഹിറ്റ്ലർ, അന്ന് ലോകരുടെ ആവേശമായിരുന്ന സോഷ്യലിസത്തിന്റെ മുഖാവരണമണിഞ്ഞാണ് തന്റേത് ഫാഷിസമല്ല, നാഷണൽ സോഷ്യലിസമാണെന്ന നാട്യത്തിലാണ് അരങ്ങിലെത്തിയത്.

മഹാത്മാഗാന്ധി സ്വാതന്ത്ര്യസമരത്തിന്റെ സാരഥ്യമേറ്റെടുത്തതോടെ ദേശീയതയ്ക്ക് ജനപിന്തുണ വർദ്ധിച്ചുവന്ന പശ്ചാത്തലത്തിലാണ്, സംഘപരിവാർ ഫാഷിസം, സാംസ്കാരിക ദേശീയത എന്ന പ്രത്യയശാസ്ത്രപരികൽപ്പന മുന്നോട്ടുവെക്കുന്നത്. അന്യഥാ ആളുകൾക്ക് ഭയംതോന്നുന്ന ഫാഷിസം, പുനരക്ഷര വിന്യാസത്തിലൂടെ മയപ്പെടുത്തി 'സാംസ്കാരിക ദേശീയത'യിലൂടെ പഞ്ചസാര പൊതിഞ്ഞ് ജനങ്ങൾക്കിടയിൽ വിതരണം ചെയ്യുന്ന വിപണനതന്ത്രമാണ് അവർ പുറത്തെടുത്തത്. രാഷ്ട്രം, സ്ഥലപരമോ രാഷ്ട്രീയമോ ആയ അസ്തിത്വമല്ലെന്നും അതൊരു സാംസ്കാരിക സത്തയാണെന്നും സാംസ്കാരിക ദേശീയവാദം പറയുന്നു. സംസ്കാരമാണ് രാഷ്ട്രമെങ്കിൽ എന്താണ് സംസ്കാരമെന്ന ചോദ്യം സംഗതമാകുന്നു. 'അസാമാന്യമായ സങ്കീർണതയുള്ള പദമാണ് സംസ്കാരം' എന്ന് ടെറി ഈഗിൾടൺ. സംസ്കാരമെന്തെന്ന് വിവരിക്കാൻ തുടങ്ങിയാൽ വിഷമിച്ചുപോകും. കലയും സാഹിത്യവും സംസ്കാരമാണെങ്കിൽ മൂല്യങ്ങളും വിശ്വാസങ്ങളും ആചാരങ്ങളുമൊക്കെ പിന്നെ എന്താണ്? വിദ്യാഭ്യാസത്തോടൊപ്പം വിവാഹ സമ്പ്രദായവും കൃഷിയോടൊപ്പം കച്ചവടവും ഭാഷണ രീതിമാത്രമല്ല ഭക്ഷണരീതിയും സംസ്കാരത്തിൽ ഉൾപ്പെടുന്നു. ഇങ്ങനെ എവിടെയും നിൽക്കാതെ ഒന്നിൽനിന്ന് മറ്റൊന്നിലേക്ക് നീങ്ങുകയും നീളുകയും ചെയ്യുന്ന സംസ്കാരമെന്ന പ്രതിഭാസത്തെ മനുഷ്യർ അവരുടെ ജീവിതം ജീവിച്ചുതീർക്കുന്ന രീതി (A whole way of life) യാണെന്ന് റെയ്മണ്ട് വില്യംസ് ('culture and society') നിർവ്വചിക്കുന്നു. സംസ്കാരം ജീവിതരീതിയാണെന്നു പറയാനെളുപ്പമാണ്. എന്നാലെന്താണ് ആ ജീവിതരീതി എന്ന് ചോദിച്ചാൽ കുഴങ്ങിയതുതന്നെ. പ്രതിജനഭിന്ന വിചിത്രമാണ് ജീവിതരീതി. ആളുകളെന്തു ചെയ്യുന്നു എന്നല്ല, എങ്ങനെ ചെയ്യുന്നു എന്ന അന്വേഷണം അവസാനിക്കുന്നത് ഏതെങ്കിലും സവിശേഷ സംസ്കാരത്തിന്റെ പടിനടയിലായിരിക്കും. □




### ഹിന്ദുത്വവാദം ഇസ്‌ലാമിസം ഇടതുപക്ഷം

**എം എം നാരായണൻ**


മതത്തെ രാഷ്ട്രീയമാക്കി മാറ്റുന്ന ഫാഷിസ്റ്റ് പ്രക്രിയയെ പ്രതിരോധിക്കാൻ അതുമായി ബന്ധപ്പെട്ടു നിൽക്കുന്ന സ്വത്വപരവും വർഗ്ഗപരവുമായ നിരവധി ടൂളുകൾ ഉപയോഗപ്പെടുത്തിക്കാണാറുണ്ട്. എന്നാൽ സാംസ്കാരിക ദേശീയതയ്ക്കു ബദലാകാൻ ശേഷിയുള്ള ദേശീയതകളുടെ വൈവിദ്ധ്യപൂർണ്ണമായ സാംസ്കാരിക പരിസരങ്ങളെ രാകി മിനുക്കുക എന്ന ശ്രമകരമായ ദൗത്യമാണ് ഈ പുസ്തകത്തിലൂടെ എം എം നാരായണൻ ഏറ്റെടുക്കുന്നത്.

വില ₹210

**Best Sellers**

# ഇസ്രയേൽ മിത്തും യാഥാർത്ഥ്യവും


ഇസ്രയേൽ അധിനിവേശത്തെ
സാധൂകരിക്കുന്ന ആഖ്യാനങ്ങളുടെ
പൊള്ളത്തരം തുറന്നുകാട്ടുന്ന കൃതി.
**ഇലാൻ പപ്പേയുടെ**
Ten Myths About Israel
എന്ന പുസ്തകത്തിന്റെ പരിഭാഷ




₹280

# ആരൂഢം വളഞ്ഞ നവ ഇന്ത്യ


രാജ്യത്ത് പെരുകുന്ന തൊഴിലില്ലായ്മയുടെയും
അസമത്വത്തിന്റെയും കണക്കുകൾ മോദി ഭരണകൂടം
എങ്ങനെ മറച്ചു വെക്കുന്നുവെന്നും കേന്ദ്ര ഏജൻസികൾ
രാഷ്ട്രീയ ലക്ഷ്യങ്ങൾക്കായി അവയെ എങ്ങനെ
ഉപയോഗിക്കുന്നുവെന്നും മത ന്യൂനപക്ഷങ്ങൾ
അപരവൽക്കരിക്കപ്പെടുന്നത് എങ്ങനെയെന്നും വസ്തുതകൾ
മുൻനിർത്തി വ്യക്തമാക്കുന്ന പഠനങ്ങൾ.




₹360

# വർഗീയത

വർഗ്ഗീയത എന്ന ലളിതാഖ്യാനത്തിന് പിന്നിലെ
പ്രത്യയശാസ്ത്ര പരിസരത്തെ ഇഴകീറി പരിശോധിക്കുകയാണ്
വിഖ്യാത ചരിത്ര കാരനായ ബിപൻ ചന്ദ്ര ഈ പുസ്തകത്തിൽ.
വർഗ്ഗീയ ശക്തികളുടെ മർമ്മം പിളർക്കാൻ പര്യാപ്തമായ
ആഖ്യാനശക്തി ഈ കൃതിക്കുള്ളതുകൊണ്ടാണ് 2008
ൽ നാഷണൽ ബുക്ക് ട്രസ്റ്റ് പ്രസിദ്ധീകരിച്ച ഈ പുസ്തക
ത്തിനുമേൽ തുടർന്ന് വന്ന ബി ജെ പി സർക്കാർ
അപ്രഖ്യാപിത നിരോധനം ഏർപ്പെടുത്തിയത്.




₹180

# പോരാട്ടം തുടരുക


**പ്രബീർ പുർകായസ്ത**

" തുറുങ്കിലടയ്ക്കപ്പെട്ട പത്ര പ്രവർത്തകന്റെ
കാലിക പ്രസക്തമായ ഓർമ്മക്കുറിപ്പുകൾ "
**എൻ റാം**

"ഭൂതകാലത്തിന്റെ ഓർമ്മകളും വർത്തമാന കാലത്തെക്കുറിച്ചുള്ള ആലോ
ചനാമൃതമായ നിരീക്ഷണങ്ങളും ഉൾച്ചേർന്ന ഓർമ്മക്കുറിപ്പുകൾ"
**റൊമില ഥാപ്പർ**




₹340




₹440

## ജൻ്റർ സ്റ്റഡീസ്

സാഹിത്യത്തിലും ചലച്ചിത്രങ്ങളിലും പരസ്യങ്ങളിലുമുള്ള ഉദാഹരണങ്ങളെ മുൻനിറുത്തി സമൂഹത്തിലെ സ്ത്രീ-പുരുഷ അസമത്വത്തിൻ്റെ ബഹുസ്വര രൂപങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്ന പുസ്തകം







# Book Shelf






## അവൾ പെയ്യുന്നു

**പി കെ പാറക്കടവ്**

ഭാഷയ്ക്കപ്പുറം ഭാഷ നിർമിക്കുന്ന പാറക്കടവിൻ്റെ രചനകൾ വാക്കുകൾക്കിടയിൽ അർഥം ഒളിപ്പിക്കുന്ന മിനിക്കഥകൾ കഥയും കവിതയുമിടയിലെ വേർതിരിവുകൾ അപ്രസക്തമാക്കുന്ന സൃഷ്ടികൾ.

വില ₹45







## സാനിട്ടറി പാഡിൻ്റെ അന്തിമരഹസ്യം

**കെ എ ബീന**


കർതൃത്വത്തിനും തുല്യതയ്ക്കുംവേണ്ടിയുള്ള സ്ത്രീകളുടെ സാമൂഹിക- സാംസ്കാരിക സമരങ്ങൾക്ക് കരുത്ത് നല്കുന്ന പുസ്തകം. കുടുംബത്തിലും സമൂഹത്തിലും വേരുറച്ചുപോയ സ്ത്രീവിരുദ്ധ ആശയങ്ങൾ ഇവിടെ വിചാരണ ചെയ്യപ്പെടുന്നു.

വില ₹75

## നിക്കോസ് കസാൻദ്സാകിസ്




ഗ്രീക്ക് പാഷൻ



ക്രിസ്തുവിന്റെ അന്ത്യപ്രലോഭനം

## ആർ എൽ സ്റ്റീവൻസൺ



ഡോ. ജെകിൽ മിസ്റ്റർ ഹൈഡ് എന്നിവരുടെ അസാധാരണ കഥ



തട്ടിക്കൊണ്ടുപോയി



വാഷിംഗ്ടൺ സ്ക്വയർ




ജേക്കബിന്റെ മുറി




ഡോക്ടർ ഷിവാഗോ




വൈറ്റ് ഫാങ്




കാട്ടുകടന്നൽ




നോട്ടർഡാമിലെ കൂനൻ




ജെയിൻ ഐർ




കൊണ്ടുനടക്കാവുന്ന ഒരു ഉത്സവം




ഒഡീസി




വടക്കും തെക്കും




കുറ്റവും ശിക്ഷയും




ഒരു ആട്ടിടയന്റെ ജീവിതം




വികൃതിയായ ടോം സോയർ



അന്ന കരെനീന





നാന




# ലോക ക്ലാസിക്കുകൾ

## കാലാതീതമായ രചനകൾ വായനകൾ






സോളമൻ രാജാവിന്റെ രത്നഖനികൾ




ആലീസിന്റെ അത്ഭുതക്കാഴ്ചകൾ




ദി ഗുഡ് എർത്ത്




മാൻസ്ഫീൽഡ് പാർക്ക്




വിക്ടോറിയ



മഹാനായ ഗാറ്റ്സ്ബി




കാസ്റ്റർ ബ്രിഡ്ജിന്റെ മേയർ



ചിരിക്കുന്ന മനുഷ്യൻ




മരണപ്പെട്ട ഒരാൾ




ഫ്രീഡം റോഡ്



നാടോടികൾ



മൂന്നു പടയാളികൾ



റോബിൻസൺ ക്രൂസോ



തമസിന്റെ ഹൃദയം



ഇതു മനുഷ്യന്റെ ഭൂമി





## വിജയത്തിലേക്കുള്ള മൂന്ന് വഴികൾ
## വായിക്കുക! വായിക്കുക! വായിക്കുക!

വ്ലാഡിമിർ ഇല്ലിച്ച് ലെനിൻ

# നൂറുകണക്കിന് ടൈറ്റിലുകൾ

# പുസ്തകപ്രകാശനങ്ങൾ

ഇ പി പവിത്രൻ രചിച്ച
**ഇബ്നു ബത്തൂത്തയുടെ ലോകയാത്രകൾ**
എന്ന പുസ്തകം
ഡോ. സി രാജേന്ദ്രൻ,
പി ജെ വിൻസെന്റിന്
നൽകി പ്രകാശനം ചെയ്യുന്നു




ബിപൻ ചന്ദ്രയുടെ
**വർഗീയത** എന്ന
പുസ്തകത്തിന്റെ പ്രകാശനം
എം എ ബേബി,
ടി പത്മനാഭന് നൽകി
നിർവ്വഹിക്കുന്നു



ബൃന്ദ കാരാട്ടിന്റെ
**റീത്തയുടെ പാഠങ്ങൾ**
എസ് രാമചന്ദ്രൻ പിള്ള
പി കെ ശ്രീമതിയ്ക്ക് നൽകി
പ്രകാശനം ചെയ്യുന്നു



**ഇലക്ടറൽ ബോണ്ട്**
എസ് രാമചന്ദ്രൻ പിള്ള
പ്രകാശനം
നിർവ്വഹിക്കുന്നു



സൂസി താരു, എ സുനീത,
ഉമ മഹേശ്വരി ബൃഗുബണ്ട
എന്നിവർ രചിച്ച
**സമലോകം**
എം വി നാരായണൻ
പ്രകാശനം നിർവ്വഹിക്കുന്നു




എം എം നാരായണൻ രചിച്ച
**ഹിന്ദുത്വവാദം ഇസ്‌ലാമിസം ഇടതുപക്ഷം**
എം സ്വരാജ് പ്രകാശനം
നിർവ്വഹിക്കുന്നു







# ചരിത്രകാരൻ

ഗവേഷകന്റെ വർഗ്ഗവീക്ഷണം തികച്ചും പ്രതിഫലിപ്പിക്കുന്ന ശാസ്ത്രമാണ് ചരിത്രം. ആ നിലയ്ക്ക് മേധാവി വർഗ്ഗത്തിന് സ്വന്തം താല്പര്യങ്ങൾ നിലനിർത്താനും സംരക്ഷിക്കാനുമുള്ള ശക്തമായ ആയുധങ്ങളിൽ ഒന്നായി അത് പ്രയോജനപ്പെടും. അതിനാൽ തൊഴിലാളി വർഗ്ഗത്തിന് ആശയപരമായി മറ്റ് രംഗങ്ങളിലെന്നപോലെ ചരിത്രത്തിന്റെ കാര്യത്തിലും നിലവിലുള്ള സിദ്ധാന്തങ്ങൾ വെല്ലുവിളിക്കുകയും എതിർത്തു തോല്പിക്കുകയും ചെയ്യേണ്ടിവരും. സ്വന്തം വർഗ്ഗ താല്പര്യങ്ങൾ സംരക്ഷിച്ച് ഒരു വർഗ്ഗമെന്ന നിലയ്ക്ക് സ്വയം മുന്നേറാൻ സഹായിക്കുന്ന ചരിത്രവീക്ഷണം സ്വായത്തമാക്കേണ്ടിയുമിരിക്കുന്നു എന്ന ഇ എം എസിന്റെ വാക്കുകൾ ബോധപൂർവ്വമായ ഇടപെടലിന് തയ്യാറായ ധിഷണാശാലിയുടെ കാഴ്ചപ്പാടാണ്. ചരിത്രപഠനത്തെ രാഷ്ട്രീയ പ്രവർത്തനത്തിന്റെ ഭാഗമായിക്കണ്ട ഒരാൾക്ക് അങ്ങനെ ചിന്തിക്കാനേയാവൂ. അതേസമയം മാർക്സിസ്റ്റ് ലോകവീക്ഷണം അവലംബിച്ചുള്ള ചരിത്ര രചനയ്ക്ക് പാകതയെത്തിയിട്ടില്ലാത്ത കേരള ചരിത്രത്തെ തൊഴിലാളികളുടെ വർഗ്ഗബോധത്തിന് ഉപോൽബലകമായ രീതിയിൽ പുനരാഖ്യാനം ചെയ്യുന്നതിലെ ബുദ്ധിമുട്ടുകളെക്കുറിച്ച് അദ്ദേഹം ബോധവാനായിരുന്നു. 'ഒന്നേകാൽ കോടി മലയാളികൾ' തൊട്ട് ആ ധാരണ മുറുകെ പിടിക്കുകയുമുണ്ടായി. കേരളം മലയാളികളുടെ മാതൃഭൂമിയിലും കേരള ചരിത്രവും സംസ്കാരവും മാർക്സിസ്റ്റ് വീക്ഷണത്തിലും അതിന്റെ വികസിച്ച അന്വേഷണങ്ങൾ കാണുകയും ചെയ്തു. പുതിയ തെളിവുകളുടെയും നിഗമനങ്ങളുടെയും വെളിച്ചത്തിൽ പല നിശ്ചയങ്ങളെയും മാറ്റിയെഴുതാനും മടിച്ചില്ല. ഇന്ത്യൻ സ്വാതന്ത്ര്യ സമര ചരിത്രം എന്ന ബൃഹദ് ഗ്രന്ഥവും ഇത്തരം സമാന്തര ധാരയുടെ വിജയ സാഫല്യമായിരുന്നു.

പ്രായോഗികതയിൽനിന്ന് താത്ത്വിക പഠനത്തിന്റെ നിലവാരത്തിലേക്കുയരുകയും താത്ത്വികപഠനത്തെ പ്രായോഗിക പ്രവർത്തനത്തിന് ഉപയോഗിക്കുകയും ചെയ്യുകയെന്ന മാർക്സിസ്റ്റ് രീതിയുടെ ഭാഗമായാണ് ഇ എം എസ് കേരളത്തിന്റെ ചരിത്രപരവും സാംസ്കാരികവുമായ പഠനം തുടങ്ങുന്നത്. 1930 കളുടെ അവസാനത്തിൽ വളർന്നുകൊണ്ടിരുന്ന മലബാറിലെ കർഷക പ്രസ്ഥാനത്തിന്റെ താത്ത്വികാടിത്തറ വിപുലമാക്കാനുള്ള ശ്രമങ്ങളുടെ ഭാഗമായിരുന്നു അത്. ജന്മി സമ്പ്രദായത്തിന്റെ രൂപപരിണാമങ്ങളും പശ്ചാത്തലവും സജീവ പ്രശ്നമായി ഉയർന്നുവന്നു.

മൂന്നായി കിടന്ന മലബാർ, കൊച്ചി, തിരുവിതാംകൂർ പ്രദേശങ്ങൾ ചേർത്ത് ഐക്യകേരളം രൂപീകരിക്കണമെന്നത് കോൺഗ്രസ് സമ്മേളനത്തിലെ ആവശ്യമായിരുന്നു. കമ്യൂണിസ്റ്റ് പാർട്ടി ജനപിന്തുണയാർജ്ജിച്ച ശേഷം ഈ മുദ്രാവാക്യം ശക്തമായി ഉയർത്താൻ തുടങ്ങി. ജാതി- മതാദി പരിഗണനകൾക്കതീതമായി ഭാഷ, അതിനെ കേന്ദ്രീകരിച്ച സംസ്കാരം എന്നിവയെ പ്രധാനമായും ആശ്രയിച്ചുള്ള ദേശീയ ജനവിഭാഗങ്ങൾ ഇന്ത്യയിലുണ്ടെന്നും അവ രാജ്യത്തിന്റെ അവിഭാജ്യ ഘടകമാണെന്നും അവയ്ക്കോരോന്നിനും ദേശീയ സവിശേഷതകളുണ്ടെന്നും അവയെല്ലാം പരിഗണിച്ചും സ്വച്ഛന്ദം വികസിക്കാൻവേണ്ട അവസരമൊരുക്കിയുമാണ് ഇന്ത്യയുടെ ഐക്യം നിലനിർത്തേണ്ടത് എന്നതായിരുന്നു കമ്യൂണിസ്റ്റ് പാർട്ടി നിലപാട്. □



**ചിന്ത പബ്ലിഷേഴ്സ്**
**ദേശാഭിമാനി ബുക്ക് ഹൗസ്**
എ.കെ.ജി. സെന്ററിന് സമീപം,
**തിരുവനന്തപുരം**
www.chinthapublishers.com

## ബ്രാഞ്ചുകൾ

| | | |
|---|---|---|
| **കണ്ണൂർ** | എൻ ജി ഒ യൂണിയൻ ബിൽഡിങ്സ് | ☎ 99959 35862 |
| **കണ്ണൂർ** | സെൻട്രൽ ബസ്ടെർമിനൽ കോംപ്ലക്സ്, താവക്കര | ☎ 95622 82676 |
| **കോഴിക്കോട്** | മാവൂർ റോഡ്, ടി വി എസിനു സമീപം | ☎ 94970 81715 |
| **കോഴിക്കോട്** | ഐ ജി റോഡ്, കോർപ്പറേഷൻ ബസ്സ്റ്റേഷൻ | ☎ 94954 13660 |
| **തൃശ്ശൂർ** | ദേശാഭിമാനി ബുക്ക് ഹൗസ്, മച്ചിങ്ങൽ ലെയ്ൻ | ☎ 85475 15541 |
| **തൃശ്ശൂർ** | എക്സിബിഷൻ യൂണിറ്റ് | ☎ 99616 52484 |
| **എറണാകുളം** | കെ എസ് ആർ ടി സി ബസ്സ്റ്റേഷൻ | ☎ 99461 64198 |
| **തിരുവനന്തപുരം** | കരിമ്പനാൽ സ്റ്റാച്യു അവന്യൂ | ☎ 83018 29126 |
| **തിരുവനന്തപുരം** | സാഫല്യം കോംപ്ലക്സ്, പാളയം | ☎ 97452 46406 |
| **തിരുവനന്തപുരം** | ഹെഡ്ഓഫീസ്, കുന്നുകുഴി റോഡ് | ☎ 94962 00565 |

## ഏജൻസികൾ

വയനാട്: പഴയ മുനിസിപ്പൽ ബസ്സ്റ്റാന്റ്, കൽപ്പറ്റ ☎ 953999905
പാലക്കാട്: സുൽത്താൻപേട്ട ☎ 9447838615
നെടുമ്പാശ്ശേരി എയർപോർട്ട്, കൊച്ചി ☎ 9847471671
ഇ എം എസ് അക്കാദമി തിരുവനന്തപുരം
നിലമ്പൂർ ☎ 9447630679

## ചിന്ത ബുക്ക് കോർണറുകൾ

പെരിന്തൽമണ്ണ: ശക്തി ബുക്ക്സ് ☎ 9745533851
ഇടുക്കി: ബുക്സ് കോർണർ, ചെറുതോണി ☎ 9447963226
ഫാക്ട് ആന്റ് ഫിക്ഷൻ, മാറ്റൂർ ജംഗ്ഷൻ, കാലടി പി ഒ ☎ 7592858969
കോഴിക്കോട്: ശ്രീനിവാസൻ ☎9447390280

Availableonline: www.chinthapublishers.com l www.pusthakakada.com
www.indulekha.com l www.sparrowbooks.in l www.keralabookstore.com

ചിന്തയുടെ പുസ്തകങ്ങളെക്കുറിച്ചറിയാൻ

മാതൃഭൂമി ബുക്സിന്റെ എല്ലാ ശാഖകളിലും ചിന്ത പബ്ലിഷേഴ്സിന്റെ പുസ്തകങ്ങൾ ലഭിക്കുന്നതാണ്

**ചിന്ത പബ്ലിഷേഴ്സ്**
എ കെ ജി സെന്ററിനു സമീപം, വിവേകാനന്ദ നഗർ, കുന്നുകുഴി റോഡ്,
വഞ്ചിയൂർ പി ഒ, തിരുവനന്തപുരം - 695035 (p) 0471 2303026
(e) chinthapublishers@gmail.com (w) www.chinthapublishers.com

# വെള്ളൂർ ബേങ്ക്

ക്ലാസ് 1 സൂപ്പർഗ്രേഡ് ബേങ്ക്

## വെള്ളൂർ സർവ്വീസ് സഹകരണ ബേങ്ക്

ക്ലിപ്തം. നമ്പർ. 3971, വെള്ളൂർ, പയ്യന്നൂർ

Tel:04985-266567 email: 3971vellurbank@gmail.com
website : www.vellurbank.com

**6 ബ്രാഞ്ചുകൾ :**

| | |
|---|---|
| മെയിൻ ബ്രാഞ്ച് വെള്ളൂർ | Ph:266568 |
| കണ്ടോത്ത് | Ph:203336 |
| പെരുമ്പ–ഫുൾടൈം ശാഖ | Ph:203563 |
| കണ്ടോത്ത് മുക്ക് പ്രഭാത-സായാഹ്നശാഖ | Ph:204668 |
| ആലിൻകീഴിൽ സായാഹ്നശാഖ | Ph:266668 |
| കാറമേൽ | Ph:266557 |

12% മുതൽ 15% വരെ
വിലക്കുറവിൽ മരുന്നുകൾ ലഭിക്കുന്ന
**നീതി മെഡിക്കൽ ഷോപ്പ്**
KSRTCക്ക് സമീപം, പെരുമ്പ
Ph: 203326

**വളം ഡിപ്പോ, വെള്ളൂർ**

**വെൽകോ പാർലർ-കണ്ടോത്ത് മുക്ക്**

**RTGS-NEFT സൗകര്യം**

**കോർ ബാങ്കിംഗ്**

**CO-OP MART**



കുറഞ്ഞ പലിശ നിരക്കിൽ
**വാഹന വായ്പ**

അഗ്മാർക്ക് വെളിച്ചെണ്ണ



Velco™
FOOD PRODUCTS
ഇന്റഗ്രേറ്റഡ് കോക്കനട്ട് കോംപ്ലക്സ്,
ഏച്ചിലാംവയൽ, Ph:200148



**നീതി പെയിന്റ്സ് & ഹാർഡ്‌വേർസ്**
കണ്ടോത്ത്, Ph:04985-295 295





**നീതി ഇലക്ട്രിക്കൽ & പ്ലംബിംഗ്**
കണ്ടോത്ത് മുക്ക്, Ph: 9446100568

sillete, 9446918848

പ്രസിഡണ്ട്
കെ.പി.ജ്യോതി
9961623240

സെക്രട്ടറി
കെ.തങ്കമണി
9847203793

MAY - 2024
Date of Publishing: 20/05/2024
Price Rs.10.00

# CHINTHA PUSTHAKAVARTHA
MONTHLY

RN 71185 / 98
Regd. No:
KL / TV(N) / 553 / 2019-21




**Edited, Printed and Published by M A Baby for Chintha Publishers, Near AKG Centre, Vivekananda Nagar, Vanchiyoor P.O, Thiruvananthapuram - 695 035 at Akshara Offset, TVPM**